**സബ്മിഷൻ**

റിലയൻസിന് നൽകുന്ന ആനുകൂല്യങ്ങൾ

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, നമ്മുടെ സംസ്ഥാനത്ത് ഒപ്റ്റിക് ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിനായി റിലയൻസിന് വലിയ ആനുകൂല്യങ്ങളാണ് സർക്കാർ നൽകിയിരിക്കുന്നത്. ടാർ റോഡിലൂടെ ഒന്നരയടി വീതിയിൽ ചാലുകൾ കീറിയാണ് ഒപ്റ്റിക് ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നത്. 2010-ൽ ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് ഇത്തരത്തിൽ റോഡുകളിലൂടെ ചാലുകൾ തോണ്ടി കേബിളുകൾ സ്ഥാപിക്കുന്നതിന് പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച് 30.10.2010-ൽ വിവരസാങ്കേതിക വകുപ്പ് 16/2010 എന്ന നമ്പരിൽ ഉത്തരവിറക്കിയിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം ടാർ റോഡിലൂടെ കേബിളുകൾ സ്ഥാപിക്കുന്ന കമ്പനികൾ Right of the way നിബന്ധന അനുസരിച്ച് കേബിളുകൾ കടന്നുപോകുന്ന ജില്ലകളിലെ ജില്ലാ, ബ്ലോക്ക് ഓഫീസുകൾക്കും സ്ഥലത്തെ സ്കൂളുകൾക്കും അക്ഷയ കേന്ദ്രങ്ങൾക്കും കണക്ടിവിറ്റി സൗജന്യമായി നൽകണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഈ നിബന്ധന ആവശ്യമില്ലാത്തതാണെന്ന് ചൂണ്ടിക്കാട്ടി അന്നത്തെ കേന്ദ്രമന്ത്രിയും ഇപ്പോൾ 2 ജി സ്പെക്ട്രം അഴിമതി കേസിലെ പ്രതിയായ രാജയുടെ കത്തുമായി സർക്കാരിനെ

സമീപിച്ചിരുന്നു. എന്നാൽ ഇടതുപക്ഷ സർക്കാർ അദ്ദേഹത്തിന്റെ കത്തിന് യാതൊരു വിലയും കൽപ്പിച്ചില്ല. എന്നാൽ ഇപ്പോൾ യു.ഡി.എഫ്. സർക്കാർ ഇടതുപക്ഷ സർക്കാർ കൊണ്ടുവന്ന നിബന്ധനകളിൽ ഇളവ് ചെയ്തുകൊടുത്തിരിക്കുകയാണ്. ഇത്തരം ഇളവ് ആവശ്യമില്ലെന്ന് ഐ.ടി.മിഷൻ ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ടെന്നാണ് ഇപ്രകാരം ഇളവ് നൽകുന്നതിന് സർക്കാർ പറയുന്ന ന്യായം. സ്കൂളുകൾക്കും ഓഫീസുകൾക്കും നൽകുന്ന സൗജന്യ കണക്ടിവിക്ടിക്ക് പകരം ഐ.ടി.മിഷന് കണക്ഷൻ നൽകിയാൽ മതിയെന്നാണ് ഈ വിദ്വാൻ പറയുന്നത്. ഐ.ടി. മിഷൻ ഡയറക്ടർക്ക് ബാൻഡ് വിഡ്ത്തും കണക്ടിവിക്ടിയും തമ്മിലുള്ള വ്യത്യാസം അറിയാത്തതുകൊണ്ടാണോ റിലയൻസിനാവശ്യമായ സഹായം ചെയ്തുകൊടുക്കാൻ സർക്കാർ നിർദ്ദേശിച്ചതുകൊണ്ടാണോയെന്ന് അറിയാൻ ആഗ്രഹമുണ്ട്. 2010-ലെ ഉത്തരവിൽ ഇളവ് വരുത്താൻ സർക്കാർ എടുത്ത തീരുമാനം എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കണമെന്നും പ്രസ്തുത നിബന്ധനകൾ പാലിക്കാത്ത കമ്പനിക്ക് ബാൻഡ് വിഡ്ത്ത് ഗ്യാരന്റി മടക്കികൊടുക്കാനുള്ള തീരുമാനം അടിന്തരമായി പിൻവലിക്കണമെന്നും സർക്കാർ ഓഫീസുകൾക്കും സ്കൂളുകൾക്കും അക്ഷയ കേന്ദ്രങ്ങൾക്കും ഉൾപ്പെടെ കണക്ഷൻ നൽകാനുള്ള നിബന്ധനയിൽ ഒരു ഇളവും

വരുത്താൻ പാടില്ലായെന്നും ഞാൻ ശക്തമായി ആവശ്യപ്പെടുകയാണ്. ഇപ്പോൾ നമ്മുടെ റോഡുകളിൽ റിലയൻസ് എടുക്കുന്ന ചാലുകൾ മുമ്പെടുത്ത ഒരിഞ്ച് വീതിയിലുള്ളതല്ല. അതനുസരിച്ച് കൂടുതൽ ബാൻഡ് വിഡ്ത്ത് ലഭിക്കുന്ന തരത്തിൽ നിബന്ധന കർശനമാക്കണം. നമ്മുടെ നിരത്തുകളിലൂടെ ഒന്നരയടി വീതിയിൽ റിലയൻസ് എടുത്തിരിക്കുന്ന ചാലുകൾ റീടാർ ചെയ്തിരിക്കുന്നത് പി.ഡബ്ല്യൂ.ഡി. നിബന്ധനകൾക്കനുസരിച്ചല്ല. ഇതുമൂലം നമ്മുടെ റോഡുകളിലാകെ വൻഗർത്തങ്ങൾ രൂപംകൊണ്ടിരിക്കുകയാണ്. ആയതിനാൽ ഇക്കാര്യത്തിൽ സർക്കാർ അടിയന്തരമായി ഇടപെട്ട് അവരിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ച വിഷയം പ്രധാനപ്പെട്ടതുതന്നെയാണ്. ആദ്യം തന്നെ പറയാനുള്ളത് എൽ.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന ഗൈഡ്‌ലൈൻസിൽ ഭേദഗതി വരുത്തിയിട്ടില്ല എന്നാണ്. ഒന്നുകൂടി ശക്തിപ്പെടുത്തുകയാണ് ചെയ്തത്. 2010-ലെ ഉത്തരവ് പ്രകാരം നെറ്റ്‌വർക്ക് ഓപ്പറേറ്റിംഗ് സെന്ററുകൾക്ക് 10 MBPS, 4 MBPS തുടങ്ങിയ കണക്ടിവിറ്റി സംബന്ധിച്ച് പറഞ്ഞിരുന്നു. അതായത്, ഓപ്പറേറ്റിംഗ് സെന്ററുകൾക്ക് 10 MBPS

ജില്ലാ, ബ്ലോക്ക് തുടങ്ങിവയ്ക്ക് 4 MBPS, കേബിൾ റൂട്ട് കടന്നുപോകുന്ന സ്ഥലങ്ങളിലെ സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കണക്ഷൻ തുടങ്ങിയ കാര്യങ്ങളാണ് ഉത്തരവിൽ പറഞ്ഞിരുന്നത്. ഇപ്പോൾ 4 ജി വന്ന സമയത്ത് നമ്മൾ അത് വർദ്ധിപ്പിക്കുകയാണ് ചെയ്തത്. ഒന്നും കുറച്ചിട്ടില്ല. ആരെങ്കിലും വയ്ക്കുന്ന നിർദ്ദേശങ്ങൾ ഗവൺമെന്റ് അംഗീകരിക്കുന്ന പ്രശ്നമില്ല. 2013-ൽ കൊടുത്തപ്പോൾ 100 MBPS ആക്കി ഉയർത്തണമെന്നാണ് പറഞ്ഞിരിക്കുന്നത്. ജില്ലകൾക്ക് 50 MBPS ഫ്രീ കണക്ടിവിക്ടിയും താലൂക്ക്, ബ്ലോക്കുകൾക്ക് 10 MBPS ഉം വേണമെന്നാണ്. രണ്ട് കി.മീറ്ററിലെ ഗവൺമെന്റ് ഓഫീസുകൾക്ക് സൗജന്യമായി കണക്ടിവിക്ടി കൊടുക്കണമെന്നാണ്. പി.ഡബ്ല്യൂ.ഡി., എൽ.എസ്.ജി.ഡി., ഐ.ടി. തുടങ്ങിയ വകുപ്പുകളിലെ സെക്രട്ടറിമാരടങ്ങുന്ന കമ്മിറ്റി പരിശോധിച്ച് മാത്രമേ കാര്യങ്ങൾ ചെയ്യുകയുള്ളൂ. മറ്റൊരു റെക്കമെന്റേഷനോ നിർദ്ദേശങ്ങളോ എന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. അഥവാ ഉണ്ടെങ്കിലും അതൊന്നും അംഗീകരിക്കുകയില്ല. ഈ നിലയിൽ സൗജന്യ കണക്ടിവിറ്റി ഗവൺമെന്റ് സ്കൂളുകൾക്കുള്ള ആവശ്യം നോക്കി മാത്രമേ കൊടുക്കുകയുള്ളൂ. 2010-ലെ ഗൈഡ്‌ലൈൻ ഭേദഗതി ചെയ്തിട്ടില്ല. ഇപ്പോൾ റിലയൻസിന് കൊടുത്തതുപോലെ, 4 G-യിൽ ആരെങ്കിലും അപേക്ഷിച്ചാൽ എല്ലാവർക്കും കമ്മിറ്റി പരിശോധിച്ചതിനുശേഷം കൊടുക്കുകയും ചെയ്യും എന്നാണ്

എനിക്ക് പറയാനുള്ളത്. റോഡ് കട്ട് ചെയ്യുന്ന പ്രശ്നം വളരെ ഗൗരവമുള്ളതാണ്. പ്രായോഗികമായി ഒരുപാട് ഇഷ്യൂസ് ഇക്കാര്യത്തിലുണ്ട്. പൊതുമരാമത്ത് വകുപ്പുമായി കോ-ഓർഡിനേറ്റ് ചെയ്ത് ഇക്കാര്യം വളരെ ഗൗരവത്തിലെടുത്ത് പരിഹാരമുണ്ടാക്കാം.

ശാസ്ത്രീയ പരിശോധന

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, തലശ്ശേരിയിലുള്ള കടൽത്തീരം വളരെ വിസ്തൃതമായ കടൽത്തീരമായിരുന്നു. എന്നാൽ കടലാക്രമണം ക്രമേണ ക്രമേണയായി കടൽത്തീരത്തെ പൂർണ്ണമായി ഇല്ലാതാക്കി കൊണ്ടിരിക്കുകയാണ്. ഇപ്പോൾ കടലാക്രമണം മൂലം കടൽതീരത്തിനടുത്തുള്ള തലശ്ശേരിയിലെ ഗവൺമെന്റ് ആശുപത്രിയുടെ സുരക്ഷിതത്വത്തിനുപോലും ഭീഷണി നേരിടുന്ന സ്ഥിതിവിശേഷമാണുള്ളത്. പഴയ കടൽപ്പാലം പൂർണ്ണമായും നശിക്കുന്ന സ്ഥിതിയിലേയ്ക്ക് എത്തിയിട്ടുണ്ട്. തലായിയിലുള്ള ഫിഷിംഗ് ഹാർബർ നിർമ്മാണം പൂർത്തിയാകുന്ന സ്ഥിതി വന്നപ്പോഴാണ് ഇത്തരത്തിലുള്ള പുതിയ സ്ഥിതിവിശേഷം വന്നുവെന്നുള്ള ആക്ഷേപം ഉയർന്നുവന്നിട്ടുള്ളത്. ശാസ്ത്രീയമായ പഠനം നടത്തി ഈ കടൽത്തീരം സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് കടലോരവാസികളാകെ ആവശ്യപ്പെടാൻ തുടങ്ങിയിട്ടുമുണ്ട്. മാത്രമല്ല കടൽത്തീരത്ത്

താമസിക്കുന്ന വീട്ടുകാരുടെ സുരക്ഷിതത്വത്തിന് ഭീഷണി വന്നിട്ടുണ്ട്. അവിടത്തെ മത്സ്യവ്യവസായ സ്ഥാപനങ്ങളും ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇത് ഗുരുതരമായ പ്രശ്നമായി കണ്ട് കടൽത്തീരം സംരക്ഷിക്കാനും ഭാവിയിൽ സുരക്ഷിതത്വം ഉറപ്പുവരുത്താനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, തലശ്ശേരി മാർക്കറ്റിന് സമീപം തീരപ്രദേശത്ത് കഴിഞ്ഞ രണ്ടുമൂന്ന് വർഷങ്ങളായി രൂക്ഷമായ കടലാക്രമണം നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇതിനെത്തുടർന്ന് കഴിഞ്ഞവർഷം രൂക്ഷമായ കരയിടിച്ചിൽ അനുഭവപ്പെട്ടപ്പോൾ മാർക്കറ്റിന് സമീപമുള്ള റോഡ് അപകടാവസ്ഥയിലാവുകയും മണൽ ചാക്ക് ഉപയോഗിച്ച് താൽക്കാലികമായി പ്രതിരോധിക്കുകയും ചെയ്തു. ഇവിടെ 200 മീറ്റർ ഫിഷിംഗ് ഗ്യാപ് ആയതിനാൽ കടൽഭിത്തി നിർമ്മിക്കാൻ നിർവ്വാഹമില്ല. ഈ ഭാഗത്ത് പുലിമുട്ടാണ് അനുയോജ്യമെന്ന് വിവിധ ഭാഗങ്ങളിൽ നിന്ന് ശക്തമായ ആവശ്യം ഉയർന്നിരുന്നു. ഈ വിഷയത്തിൽ ഒരു തീരുമാനം എടുക്കുന്നതിന് വിദഗ്ദ്ധ ഏജൻസിയുടെ പഠനം അത്യന്താപേക്ഷിതമാണ്. ആയതിനാൽ മദ്രാസ് ഐ.ഐ.ടി.യെ കൊണ്ട് കേരളത്തിലെ കടലാക്രമണ ഭീഷണിയുള്ള പ്രദേശങ്ങളെപറ്റി ഒരു പഠനം നടത്താൻ

സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതിൻപ്രകാരം കണ്ണൂർ ജില്ലയിലെ തലശ്ശേരി നിയോജകമണ്ഡലത്തിലെ ബാലുശ്ശേരി മുതൽ തലശ്ശേരി വിയർ വരെ 1600 മീറ്ററും പാലാഴി മുതൽ വെട്ടിപ്പാലം വരെ 1000 മീറ്ററും പരിമടത്ത് 1000 മീറ്ററുമുള്ള തീരപ്രദേശങ്ങളെ ഇപ്പോൾ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പഠനം പൂർത്തിയാകുന്നതോടുകൂടി ഈ പ്രദേശത്തെ കടലാക്രമണത്തിന് ശാശ്വതമായ പരിഹാരം സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. ശാശ്വതമായ പരിഹാരത്തിനാണ് സർക്കാർ ശ്രമിക്കുന്നത്. അത്യാവശ്യമായി അടിയന്തരമായ ചില നടപടികൾ സ്വീകരിക്കാനും ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

<u>കോന്നിയിലെ പെൺകുട്ടികളുടെ മരണത്തിലെ ദുരൂഹത</u>

<u>ശ്രീ. രാജു എബ്രഹാം</u>: സർ, കോന്നിയിൽ നിന്ന് മൂന്ന് പെൺകുട്ടികളെ കാണാതാവുകയും അതിൽ രണ്ട് പെൺകുട്ടികൾ മരിച്ച നിലയിൽ കാണപ്പെടുകയും ചെയ്തത് കേരളത്തെ ഞെട്ടിച്ച അത്യന്തം ദൗർഭാഗ്യകരമായ സംഭവമാണ്. ഇതുസംബന്ധിച്ച ദുരൂഹതകൾ പൂർണ്ണമായും പുറത്തുകൊണ്ടുവരാൻ കഴിയണമെന്നാണ് എന്റെ സബ്മിഷൻ. ഇതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ട രണ്ട് കാര്യങ്ങൾകൂടി സൂചിപ്പിക്കുന്നു. കാണാതായ ദിവസം രാജിയുടെ അമ്മ സുജാതയ്ക്ക് ഒരു ഫോൺ സന്ദേശം വരികയും അതിൽ സംശയം തോന്നിയ ആ സ്ത്രീ ഉടൻതന്നെ

കോന്നി പോലീസ് സ്റ്റേഷനിലെത്തി ഈ നമ്പർ കൊടുക്കുകയും ചെയ്തുവെങ്കിലും അര മണിക്കൂർ കഴിഞ്ഞാണ് പോലീസ് ഫോൺ കോൾ വന്ന നമ്പരിലേയ്ക്ക് തിരിച്ചുവിളിച്ചത്. മാവേലിക്കരയിലെ ഒരു കടയിൽ നിന്നാണ് ഫോൺ ചെയ്തതെന്ന് പിന്നീട് അറിഞ്ഞു. അര മണിക്കൂർ കഴിഞ്ഞാണ് പോലീസ് ആ നമ്പരിലേയ്ക്ക് വിളിക്കാൻ തയ്യാറായത്. അന്നേരം വിളിച്ചിരുന്നുവെങ്കിൽ ചിലപ്പോൾ ഈ സംഭവം തന്നെ ഉണ്ടാകില്ലായിരുന്നു. രണ്ടാമത്, സോഷ്യൽ മീഡിയയിൽ ഈ ഫോട്ടോകൾ വന്നത് ഗുണകരമാണോ അല്ലയോ എന്നത് സംബന്ധിച്ചാണ്; ഗുണകരമല്ലായെന്ന രീതിയിൽ പോലീസിന്റെ ഭാഷ്യം ഉണ്ടായിരുന്നു. ഈ ഫോട്ടോ കണ്ട് എന്തെങ്കിലും അത്യാഹിതം കാണിച്ചതാണോയെന്ന സംശയം ബലപ്പെട്ടുവരുന്നുണ്ട്. അപ്പോൾ സോഷ്യൽ മീഡിയയിൽ കൊടുക്കണോ അതോ പോലീസിന്റെ കയ്യിൽ രഹസ്യമായി കൊടുത്താൽ മതിയോയെന്നത് ഗൗരവമായി ചിന്തിക്കേണ്ട പ്രശ്നം കൂടിയാണ്. മൂന്നാമത്, ഈ മൂന്ന് കുട്ടികളെയും പല സ്ഥലങ്ങളിലുംവച്ച് നാട്ടുകാർ കണ്ടിട്ടുണ്ട്. പക്ഷേ ഒരിടത്തും പോലീസും റെയിൽവേ പോലീസും കണ്ടിട്ടില്ല. അത് അത്ഭുതകരമാണ്. അത്തമൊരു ശുഷ്കാന്തി ഇവരെ കണ്ടെത്തുന്ന കാര്യത്തിൽ പോലീസ് കാണിച്ചിട്ടില്ലായെന്നുള്ള ഗൗരവമായ പ്രശ്നമുണ്ട്. ഇതു സംബന്ധിച്ച ദുരൂഹതകൾ പരിഹരിക്കാൻ തയ്യാറാകണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, പത്തനംതിട്ട, കോന്നി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ പ്ലസ് ടു വിദ്യാർത്ഥിനികളായ സുജാത മകൾ രാജി (16 വയസ്), രാമചന്ദ്രൻ നായർ മകൾ ആതിര ആർ. നായർ (17 വയസ്), സുരേഷ് മകൾ ആര്യ (16 വയസ്) എന്നിവർ സ്കൂളിലേയ്ക്കെന്നുംപറഞ്ഞ് 09.07.2015-ന് രാവിലെ 8.15-ഓടെ വീടുകളിൽനിന്നും പോയതിനുശേഷം സ്കൂളുകളിൽ എത്തിയില്ലായെന്നും തിരികെ വീട്ടിൽ എത്തിയില്ലായെന്നുമുള്ള രാജിയുടെ മാതാവ് സുജാതയുടെ മൊഴി പ്രകാരം കെ.പി. ആക്ട് 57-ാം വകുപ്പ് പ്രകാരം 09.07.2015-ന് ക്രൈം 954/2015 ആയി കോന്നി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു. തുടർന്ന് ഈ കേസിന്റെ അന്വേഷണം കോന്നി പോലീസ് ഇൻസ്പെക്ടർ ഏറ്റെടുത്ത് ചെങ്ങന്നൂർ, മാവേലിക്കര എന്നീ സ്ഥലങ്ങളിൽ അന്വേഷണം നടത്തുകയും കാണാതായ പെൺകുട്ടികളുടെ ഫോട്ടോ പതിച്ച ക്രൈം മെമ്മോകൾ തയ്യാറാക്കി കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലേയ്ക്കും റെയിൽവേ പോലീസ് സ്റ്റേഷനുകളിലേയ്ക്കും അയച്ചിട്ടുള്ളതുമാണ്. റവന്യൂ വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശ് ഈ സംഭവം അറിഞ്ഞയുടൻതന്നെ എന്നെ ഫോണിൽ വിളിച്ച് അന്വേഷണം ഊർജ്ജിതപ്പെടുത്തണമെന്ന് ആവശ്യപ്പെടുകയുണ്ടായി. ഇതിനായി 10.07.2015-ൽ 18 പോലീസ്

ഉദ്യോഗസ്ഥരടങ്ങുന്ന പ്രത്യേക അന്വേഷണ സംഘത്തെ രൂപീകരിച്ചു. 11.07.2015 -ന് പത്തനംതിട്ട ജില്ലാ പോലീസ് മേധാവിയുടെ മേൽനോട്ടത്തിൽ അന്വേഷണത്തിനായി അടൂർ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ സി.ഐ., എസ്.ഐ.മാർ തുടങ്ങിയ കൂടുതൽ പോലീസ് ഉദ്യോഗസ്ഥന്മാരെ ഉൾപ്പെടുത്തി അന്വേഷണ സംഘത്തെ രൂപീകരിച്ചിട്ടുള്ളതാണ്. കാണാതായ പെൺകുട്ടികൾ ഉപയോഗിച്ച മൊബൈൽ ഫോണുകളുടെ വിവരങ്ങൾ ശേഖരിച്ചു. കാണാതായതിനുശേഷം കുട്ടികളുടെ സാന്നിദ്ധ്യമുണ്ടായതായി പറഞ്ഞറിഞ്ഞ മാവേലിക്കര ബസ്സ്സ്റ്റാന്റ്, മാവേലിക്കര റെയിൽവേ സ്റ്റേഷൻ ഉൾപ്പെടെയുള്ള എല്ലാ സ്ഥലങ്ങളിലും അന്വേഷണം നടത്തിയിട്ടുള്ളതാണ്. കുട്ടികളെ കാണാതായതുകൊണ്ട് എങ്ങനെയെങ്കിലും അവരെ കണ്ടെത്താനുള്ള ശ്രമത്തിന്റെ ഭാഗമായാണ് കുട്ടികളുടെ രക്ഷകർത്താക്കളുടെ സമ്മതപത്രം വാങ്ങി ലുക്കൗട്ട് നോട്ടീസ് തയ്യാറാക്കി റെയിൽവേ പോലീസിന്റെ സഹായത്തോടെ കേരളത്തിലും പുറത്തുമുള്ള റെയിൽവേ പോലീസ് സ്റ്റേഷനുകൾ, റെയിൽവേ അലർട്ട്, റെയിൽവേ കൺട്രോൾ റൂം, ആർ.പി.എഫ്. എന്നിവിടങ്ങളിലേയ്ക്കും മറ്റും അയച്ച് അന്വേഷണം നടത്തിയത്. ഈ കുട്ടികൾ കേരള എക്സ്പ്രസ്സിൽ കയറി ഡൽഹിയിലേയ്ക്ക് പോകാനാണ് റെയിൽവേ ടിക്കറ്റ് എടുത്തത്. മറ്റ് ട്രെയിനുകളെയും

കേന്ദ്രീകരിച്ചുകൊണ്ട് അന്വേഷണം നടത്തണമായിരുന്നു. കാണാതായ പെൺകുട്ടികൾ ഡൽഹിക്ക് ടിക്കറ്റ് എടുക്കുന്നതായി അറിഞ്ഞതിനാൽ ഡൽഹിയിൽ കുട്ടികളുടെ ബന്ധുക്കളുണ്ടോയെന്നും മറ്റും അന്വേഷിക്കുകയും ഡൽഹി മെട്രൊപോളിറ്റൻ കമ്മീഷണർക്ക് പെൺകുട്ടികളുടെ ചിത്രങ്ങൾ സഹിതമുള്ള വിവരങ്ങൾ ഇ-മെയിൽ ചെയ്യുകയും ചെയ്തു. പോലീസിന് വിവരങ്ങൾ ലഭിക്കത്തക്ക രീതിയിലാണ് ഇതെല്ലാം അറിയിച്ചത്. തുടർന്ന് ഡൽഹി, ബാംഗ്ലൂർ, കൽക്കട്ട, ചെന്നൈ, ഹൈദ്രാബാദ് തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് അന്വേഷണം നടത്തി. 13.07.2015- ന് രാവിലെ ഏഴ് മണിക്ക് പാലക്കാട് മങ്കര റെയിൽവേ സ്റ്റേഷന് സമീപം മൂന്ന് പെൺകുട്ടികൾ ഗുരുതരമായി പരിക്കുപറ്റി റെയിൽവേ ട്രാക്കിൽ കിടക്കുന്നതായി അറിയിപ്പ് കിട്ടിയതനുസരിച്ച് ഷൊർണ്ണൂർ റെയിൽവേ പോലീസ് ഇൻസ്പെക്ടറുടെയും ഒറ്റപ്പാലം സർക്കിൾ ഇൻസ്പെക്ടറുടെയും നേതൃത്വത്തിൽ പരിശോധിച്ചതിൽ ആര്യ ഒഴികെ രണ്ടുപേരും മരിച്ച നിലയിലായിരുന്നു. ഉടൻതന്നെ മൂന്നുപേരെയും തൃശ്ശൂർ മെഡിക്കൽ കോളേജിൽ എത്തിക്കുകയും ചെയ്തു. ആര്യ തൃശ്ശൂർ മെഡിക്കൽ കോളേജിൽ അത്യാസന്ന നിലയിൽ ഇപ്പോഴും ചികിത്സയിൽ തുടരുകയാണ്. പെൺകുട്ടികൾ മരണപ്പെട്ടതിന് ഒറ്റപ്പാലം സ്റ്റേഷനിൽ Cr. P.C. 174-ാം വകുപ്പ് പ്രകാരം ക്രൈം 832/15 ആയി കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടി

സ്വീകരിച്ചുവരുന്നു. ചികിത്സയിൽ കഴിയുന്ന ആര്യയ്ക്ക് സംസാരിക്കാൻ കഴിയാത്ത അവസ്ഥയായതിനാൽ ഇതുവരെ മൊഴി രേഖപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. സംസാരിക്കാൻ കഴിയുന്ന സമയത്ത് മൊഴി രേഖപ്പെടുത്തുന്നതാണ്. ഇതുവരെ നടത്തിയ അന്വേഷണങ്ങളിൽ അധോലോക സംഘങ്ങളാരുംതന്നെ ഉൾപ്പെട്ടിട്ടില്ല. പോലീസ് ഇതുവരെ സോഷ്യൽ മീഡിയയിൽ പെൺകുട്ടികളുടെ ഫോട്ടോ പ്രസിദ്ധീകരിച്ചിട്ടില്ല. എന്നാൽ പെൺകുട്ടികളുടെ മാതാപിതാക്കളുടെ സമ്മതപത്രം വാങ്ങി, പോലീസിന്റെ ഒഫിഷ്യൽ കമ്മ്യൂണിക്കേഷൻ ചാനലിലൂടെ മാത്രമാണ് ഈ ഫോട്ടോ പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഈ കുട്ടികൾ വീട് വിട്ടിറങ്ങിയതുമുതൽ സഞ്ചരിച്ച റൂട്ടിനെ സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ ലഭിച്ചിട്ടുള്ളതാണ്. മൂന്ന് പെൺകുട്ടികളുടെയും സ്കൂൾ ബാഗുകൾ 13.07.2015 ഉച്ചയ്ക്ക് 2.55-ഓടെ നാഗർകോവിൽ റെയിൽവേ സ്റ്റേഷനിൽ എത്തിച്ചേർന്ന ഐലന്റ് എക്സ്പ്രസ്സിൽ കണ്ടെത്തിയിട്ടുണ്ട്. ഒറ്റപ്പാലം സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം ഒറ്റപ്പാലം സബ് ഇൻസ്പെക്ടർ നടത്തിവരുന്നു. കോന്നി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത മിസ്സിംഗ് കേസിന്റെ അന്വേഷണ മേൽനോട്ടം വഹിക്കുന്നതിന് തിരുവനന്തപുരം ഐ. ജി. ശ്രീ. മനോജ് എബ്രഹാമിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത് വളരെ ഗൗരവമുള്ള ഒരു കേസ്സാണ്. അതുകൊണ്ടാണ് ഇത്രയും ഗൗരവമായി

അന്വേഷിച്ചുകൊണ്ടിരിക്കുന്നത്. ഇന്നലെ ഐ. ജി. ശ്രീ. മനോജ് എബ്രഹാം അവിടെ സന്ദർശിച്ചിരുന്നു. സൗത്ത് സോണിന്റെ ചാർജ്ജ് വഹിക്കുന്ന എ.ഡി.ജി.പി. ഡോ. സന്ധ്യയോട് ഇന്ന് അവിടെ സന്ദർശിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുമുണ്ട്. ഒരു വനിതാ പോലീസ് ഓഫീസർ എന്നുള്ള നിലയിൽ അവരുടെ അമ്മയും ബന്ധുക്കളുമായും സംസാരിച്ച് കൂടുതൽ വിവരങ്ങൾ ലഭിക്കുമോ എന്നുള്ളത് ആരായാൻ തീരുമാനിച്ചിട്ടുണ്ട്. സർക്കാർ ഇതിനെ വളരെ ഗൗരവത്തോടെയാണ് കാണുന്നത്. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. രാജു എബ്രഹാം ചൂണ്ടിക്കാണിച്ചതുപോലെ ഇതിന്റെ യഥാർത്ഥ വസ്തുതകൾ കണ്ടെത്താനുള്ള എല്ലാ ശ്രമവും പോലീസിന്റെ ഭാഗത്തുനിന്നുമുണ്ടാകും.

## അമിത യാത്രാക്കൂലി

ശ്രീ. പാലോട് രവി: സർ, ഒന്നും രണ്ടും വർഷം കൂടുമ്പോഴാണ് ലക്ഷോപലക്ഷം പ്രവാസികൾ സീസൺ സമയത്ത് സ്വന്തം നാട്ടിലേയ്ക്ക് മടങ്ങി വരുന്നത്. ബക്രീദ്, റംസാൻ, ഓണം, ക്രിസ്തുമസ്, അദ്ധ്യയന വർഷം ആരംഭിക്കുന്നത് ഉൾപ്പെടെയുള്ള സീസണുകളിൽ എയർ ഇന്ത്യയുടെ നേതൃത്വത്തിൽ വൻകിട വിമാന കമ്പനികൾ കച്ചവട താൽപ്പര്യം മുൻനിർത്തി അമിത യാത്രാക്കൂലി ഈടാക്കി കൊള്ളയടിക്കുന്ന കിരാതമായ നടപടിയാണ് കഴിഞ്ഞ കുറെ

വർഷങ്ങളായി ഈ സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്നത്. ഇത് ഏറ്റവും കൂടുതൽ അനുഭവിക്കുന്നത് മലയാളികളാണ്. ഇതിന്മേൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് നിയമസഭയിൽ പലപ്പോഴും ആവശ്യപ്പെട്ടതാണ്. സംസ്ഥാന ഗവൺമെന്റ് പല പ്രാവശ്യം ഇത് എയർ ഇന്ത്യയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഈ കൊള്ളയടിക്കൽ തുടർന്നുകൊണ്ടിരിക്കുകയാണ്. ലേബർ ക്യാമ്പുകളിൽ രണ്ട് വർഷം തുടർച്ചയായി അദ്ധ്വാനിച്ചുണ്ടാക്കുന്ന പണം മുഴുവനും മലയാളികൾ സ്വന്തം നാട്ടിലേയ്ക്ക് വരുമ്പോൾ ഈ വിമാന കമ്പനികൾക്ക് കൊടുക്കുകയാണ്. 15,000 രൂപയ്ക്ക് വന്നുകൊണ്ടിരുന്ന സ്ഥാനത്ത്, ഇന്നലത്തെ റേറ്റ് 55,000 രൂപയാണ്. ലേബർ ക്യാമ്പുകളിൽ കഴിഞ്ഞ് വരുന്ന പാവങ്ങളിൽനിന്ന് 55,000 മുതൽ 75,000 രൂപ വരെയാണ് എയർ ഇന്ത്യയുടെ നേതൃത്വത്തിൽ കൊള്ളയടിക്കുന്നത്. അടിയന്തരമായി മുഖ്യമന്ത്രി ഡൽഹിക്ക് പോകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഒരു നിവേദക സംഘം പോകണം. ഇത് കേരളത്തിന്റെ ആവശ്യമാണ്. ലക്ഷോപലക്ഷം മലയാളികൾ വിളിച്ചുകൊണ്ടിരിക്കുകയാണ്. കത്തുകൾ വന്നുകൊണ്ടിരിക്കുന്നു. പലരും വിമാനത്താവളങ്ങളിൽ വന്നിട്ട് മടങ്ങി പോയിക്കൊണ്ടിരിക്കുന്നു. നമ്മൾ എയർ കേരള പദ്ധതിയെക്കുറിച്ച് പറഞ്ഞു. ആ പദ്ധതി നടപ്പായിട്ടില്ല. അതുകൊണ്ട്

കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമായി കണ്ടുകൊണ്ട് ഇതിന് പരിഹാരമുണ്ടാക്കാൻ അങ്ങ് അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. പാലോട് രവി ഇവിടെ പ്രകടിപ്പിച്ച വികാരത്തോട് പൂർണ്ണമായും യോജിക്കുകയാണ്. ഒരു മര്യാദയുമില്ലാത്ത സമീപനമാണ് എയർ ഇന്ത്യ ഉൾപ്പെടെയുള്ള എല്ലാ എയർ ലൈനുകളും ചെയ്യുന്നത്. ഇതിനുവേണ്ടി പല ശ്രമങ്ങളും നടത്തി. എല്ലാം പരാജയപ്പെട്ടപ്പോഴാണ് എയർ കേരള എന്ന ആശയം വന്നത്. അതിനുള്ള എല്ലാ ഒരുക്കങ്ങളും കഴിഞ്ഞു. പക്ഷേ എയർ ഇന്ത്യയുടെ സ്വാധീനമായിരിക്കാം, കഴിഞ്ഞ ഗവൺമെന്റും ഈ ഗവൺമെന്റും ഇതിനോട് അനുകൂലിക്കുന്നില്ല. നമുക്ക് കടന്നുചെല്ലാൻ കഴിയാത്ത വിധത്തിലുള്ള കണ്ടീഷനുകളാണ് വച്ചിരിക്കുന്നത്. ഒന്ന്, അന്തർദ്ദേശീയ റൂട്ടിൽ സർവ്വീസ് നടത്താൻ Domestic Service-ന് അഞ്ച് വർഷത്തെ പാരമ്പര്യം വേണം. രണ്ട്, ഇരുപത് എയർ ക്രാഫ്റ്റ് വേണം. ഈ രണ്ട് വ്യവസ്ഥകളും നമുക്ക് അംഗീകരിക്കാൻ ബുദ്ധിമുട്ടാണ്. കാരണം, അഞ്ച് വർഷത്തെ Domestic Service എന്നുപറഞ്ഞാൽ 150 കോടി രൂപയുടെയെങ്കിലും നഷ്ടം അതിലൂടെയുണ്ടാകും. അത് നമുക്ക് സഹിക്കാൻ കഴിയില്ല. അതുപോലെ തുടക്കത്തിൽ 20 എയർ ക്രാഫ്റ്റുകൾ

ഉണ്ടാക്കാൻ കഴിയില്ല. 5 എയർ ക്രാഫ്റ്റാണ് ഞങ്ങൾ പ്ലാൻചെയ്യുന്നത്. പ്രോജക്ട് റിപ്പോർട്ടും കാര്യങ്ങളുമെല്ലാം തയ്യാറാക്കി കേന്ദ്രത്തിലെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എല്ലാവിധ സമ്മർദ്ദങ്ങളും ചെലുത്തി. പക്ഷേ എയർ ഇന്ത്യയുടെ ഇടപെടലുകൾകൊണ്ട് സമ്മതിച്ചില്ല. ഈ ഗവൺമെന്റ് വന്നപ്പോഴും പുന:പരിശോധിക്കാമെന്ന് പറഞ്ഞു. പക്ഷേ പുന:പരിശോധിക്കുകയോ തീരുമാനമെടുക്കുകയോ ചെയ്യുന്നില്ല. ലോ കോസ്റ്റ് എയർ ലൈനായതുകൊണ്ട് വലിയ പ്രതീക്ഷയോടുകൂടിയാണ് എയർ ഇന്ത്യ എക്സ്പ്രസ്സിന്റെ വരവ് കാത്തിരുന്നത്. പക്ഷേ അവിടെയും മാർക്കറ്റ് കണ്ടീഷൻ വച്ചുകൊണ്ട് ചാർജ്ജ് കൂട്ടുകയാണ്. സീസൺ സമയത്ത് ഒരു ന്യായീകരണവുമില്ലാത്ത വർദ്ധനവാണ് വരുത്തുന്നത്. ഇതിന് ശക്തിയായ പ്രതിക്ഷേധം കേരളത്തിലെയും ഗൾഫിലുള്ള മലയാളികളായ ആളുകളുടെയും ഇടയിലുണ്ട്. ഇത് അറിയിക്കേണ്ട വിധത്തിൽ അറിയിച്ചിട്ടും പ്രയോജനമുണ്ടാകാതിരിക്കുകയാണ്. ഇതിന് പകരമായി സംസ്ഥാന ഗവൺമെന്റ് എന്ത് നഷ്ടം സഹിച്ചാണെങ്കിലും കപ്പൽ സർവ്വീസ് നടത്തുന്നതിനെക്കുറിച്ചാണ് ആലോചിക്കുന്നത്. സമയം എടുക്കുന്നതുകൊണ്ട് ഗൾഫിലുള്ളവർക്ക് അത് ആകർഷകമല്ലായിരിക്കാം. എങ്കിൽപ്പോലും അമിതമായി നിരക്ക് വർദ്ധിപ്പിക്കുന്ന എയർ ലൈനുകളുടെമേൽ സമ്മർദ്ദം ചെലുത്താൻ, നഷ്ടം സഹിച്ചാണെങ്കിലും കപ്പൽ

സർവ്വീസ് നടത്തുന്നതിനെക്കുറിച്ച് ആലോചിക്കും. എയർ കേരളയ്ക്ക് വേണ്ടുന്ന ശ്രമം തുടരും. അതിനിടയിൽ ഈ ഒരു നിർദ്ദേശവും പരിഗണിക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഇത് വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. ഇപ്പോൾ നൊയമ്പ്, പെരുന്നാൾ മറ്റ് വിശേഷ ദിവസങ്ങളും വരുന്നുണ്ട്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ പ്രവാസി മലയാളികളെ കൊള്ളയടിക്കുന്നതിനുവേണ്ടി എയർ ഇന്ത്യ ഉൾപ്പെടെയുള്ള വിമാന കമ്പനികൾ മത്സരിക്കുകയാണ്. വളരെ ഗൗരവമേറിയ ഈ പ്രശ്നത്തിന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കേന്ദ്രത്തിലേയ്ക്ക് ഒരു സർവ്വ കക്ഷി സംഘത്തെ അയയ്ക്കാൻ ഗവൺമെന്റ് സന്നദ്ധമാകുമോ?

(അദ്ധ്യക്ഷ വേദിയിൽ മി. ചെയർമാൻ)

ശ്രീ. ഉമ്മൻ ചാണ്ടി: സർ, സർവ്വകക്ഷി സംഘം പോയി പ്രധാന മന്ത്രിയെയും മറ്റു മന്ത്രിമാരെയും കണ്ട് നിരന്തരമായി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ എയർ ഇന്ത്യയുടെ ഇടപെടലുകൊണ്ടായിരിക്കാം, കഴിഞ്ഞ ഗവൺമെന്റും ഈ ഗവൺമെന്റും ഒരേ സമീപനം തന്നെ സ്വീകരിക്കുകയാണ്. ആ സാഹചര്യത്തിൽ ഇനി നമുക്ക് നമ്മുടേതായ മാർഗ്ഗങ്ങൾ നോക്കേണ്ടിവരും. അതിന് എല്ലാ ശ്രദ്ധയുമുണ്ടാകുമെന്ന് സഭയ്ക്ക് ഉറപ്പുനൽകാൻ ശ്രമിക്കുകയാണ്.

## ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തൽ

ശ്രീ. റ്റി. വി. രാജേഷ്: സർ, ബഹുമാന്യനായ മുഖ്യമന്ത്രിക്ക് ഈ വിഷയം അറിയാവുന്നതാണ്. കണ്ണൂർ ജില്ലയിലെ വടക്കൻ മേഖലകളിലും കാസർഗോഡ് ജില്ലകളിലുമായി താമസിക്കുന്ന ഏറ്റവും ദരിദ്ര-അവശ ജനവിഭാഗമാണ് മുഖാരി/മുവാരി എന്നു പറയുന്ന വിഭാഗം. ഈ വിഭാഗത്തിന്റെ തൊഴിൽ കുട്ട മെടയലും കല്ലുകൊത്തലും ആയിരുന്നു. ഇവരിൽ മഹാഭൂരിപക്ഷം പേരും പരമ ദാരിദ്ര്യം അനുഭവിക്കുന്നവരാണ്. ഇവരിൽ ഗവൺമെന്റ് ജീവനക്കാർ വിരലിൽ എണ്ണാവുന്നവർ പോലുമില്ല. നേരത്തെ ഇവരുടെ കുട്ടികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ് ലഭിച്ചിരുന്നു. എന്നാൽ സ്റ്റേറ്റ് ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന കാരണത്താൽ ആ സ്കോളർഷിപ്പ് ഇപ്പോൾ നിഷേധിക്കുകയാണ്. കേന്ദ്ര ഒ.ബി.സി. ലിസ്റ്റിൽ മുഖാരി/മുവാരി എന്നു പറയുന്ന സമുദായം വന്നുകഴിഞ്ഞിട്ടുണ്ട്. എന്നാൽ സ്റ്റേറ്റ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. പിന്നോക്ക വിഭാഗ കമ്മീഷന്റെ പരിഗണനയിലാണ് എന്നാണ് മനസ്സിലാക്കുന്നത്. കമ്മീഷനാണെങ്കിൽ ഇതുസംബന്ധിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കാൻ കിർത്താഡ്സിനെ ഏല്പിച്ചിരിക്കുകയാണ്. കിർത്താഡ്സിലാണെങ്കിൽ ആവശ്യത്തിന് ജീവനക്കാരില്ല. അവിടെ സ്റ്റാഫ് ഇല്ലെന്നാണ് മനസ്സിലാക്കുന്നത്. കഴിഞ്ഞ 58 വർഷമായി

ഉയർന്നുവരുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു ആവശ്യമാണിത്. അതുകൊണ്ട് ബഹുമാന്യനായ മുഖ്യമന്ത്രി ഇടപെട്ട് ഈ കിർത്താഡ്സിനെ ഒഴിവാക്കി സമാനമായ മറ്റേതെങ്കിലും ഏജൻസിയെ ഉൾപ്പെടുത്തിക്കൊണ്ട് റിപ്പോർട്ട് അടിയന്തരമായി കൊണ്ടുവന്ന് ഏറ്റവും അവശ ജനവിഭാഗമായ മുഖാരി/മുവാരി സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് ബഹുമാന്യനായ മുഖ്യമന്ത്രിയോട് ആവശ്യപ്പെടുകയാണ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ജനസമ്പർക്ക പരിപാടിക്കും മറ്റും മുഖ്യമന്ത്രി വന്നപ്പോൾ ഇതുമായി ബന്ധപ്പെട്ട് നിരവധി നിവേദനങ്ങൾ അങ്ങേയ്ക്ക് ലഭിച്ചിട്ടുണ്ട്. ഈ ജനവിഭാഗത്തിന് ഒരു താങ്ങ് നല്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകണം എന്ന് വിനയപുരസരം ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. റ്റി. വി. രാജേഷ് ഇവിടെ പറഞ്ഞ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പറഞ്ഞത് തികച്ചും ന്യായമാണ്. പക്ഷെ, ഇവർ ആവശ്യപ്പെട്ടിരിക്കുന്നതുപോലെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തണമെങ്കിൽ കേരള പിന്നോക്ക വിഭാഗ കമ്മീഷന്റെ റിപ്പോർട്ട് വേണം. പിന്നോക്കസമുദായ വിഭാഗകമ്മീഷൻ കിർത്താഡ്സിൽ നിന്നുള്ള റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. കിർത്താഡ്സിന്റെ റിപ്പോർട്ട് കിട്ടിയിട്ടില്ല.

ഈ സഭയിൽ ഈ പ്രശ്നം ഉന്നയിച്ച സാഹചര്യംകൂടി കണക്കിലെടുത്തുകൊണ്ട് കിർത്താഡ്സിന്റെയും പിന്നോക്കവിഭാഗ കമ്മീഷന്റെയും റിപ്പോർട്ട് എത്രയും വേഗം നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. റിപ്പോർട്ട് കിട്ടിയാൽ ഉടൻതന്നെ ഇതുസംബന്ധിച്ച് തീരുമാനമെടുക്കും എന്ന് ഉറപ്പു നല്കുന്നു.

ബഡ്ജറ്റിൽ നീക്കിവയ്ക്കുന്ന തുക ലാപ്സാകുന്നത് സംബന്ധിച്ച്

ശ്രീ. വി. ശശി: സർ, Scheduled Castes/Scheduled Tribes prevention of Atrocities Act, 1989 ഇതിന്റെ റൂൾ 1995-ൽ നിലവിൽ വന്നു. പട്ടികജാതി പട്ടികവിഭാഗക്കാരുടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുകയാണ് ഈ നിയമം കൊണ്ട് കേന്ദ്രസർക്കാർ ലക്ഷ്യമാക്കിയിട്ടുള്ളത്. ഈ നിയമം കേരളത്തിൽ നടപ്പാക്കുന്ന കാര്യത്തിൽ ഗുരുതരമായ വീഴ്ച വരുത്തുന്നു എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. കഴിഞ്ഞ കുറെ വർഷങ്ങളായി കേരളത്തിൽ നടക്കുന്ന Atrocities -നെ സംബന്ധിച്ചുള്ള കണക്കുകൾ, പല എം.എൽ.എ.-മാരും നിയമസഭയിൽ ഉന്നയിച്ച ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയിൽ നിന്ന് മറുപടി ലഭിച്ചിട്ടുണ്ട്. അതിലൊക്കെ കാണിക്കുന്ന ഒരു സൂചന Atrocities Act പ്രകാരമുള്ള ധാരാളം കേസുകൾ ഉണ്ടാകുന്നു അതിന്മേൽ നടപടികൾ വരുന്നു എന്നൊക്കെയാണ്.

എന്നാൽ 1995 നിയമപ്രകാരം കേന്ദ്രസർക്കാർ നടപ്പാക്കിവരുന്ന ഈ പദ്ധതിപ്രകാരം നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കുന്ന പദ്ധതികളും പരിപാടികളും വളരെ ദയനീയമായ അവസ്ഥയിലാണെന്ന് സൂചിപ്പിക്കാതിരിക്കുവാൻ നിർവ്വാഹമില്ല. 2013-14-ൽ 30 കോടി രൂപയാണ് Centrally Sponsored Scheme-ന് വേണ്ടി ബഡ്ജറ്റിൽ നീക്കിവച്ചിരുന്നത്. എന്നാൽ 6.76 കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. കേന്ദ്രസർക്കാരിൽ നിന്ന് 10 പൈസ പോലും വാങ്ങിയെടുക്കുന്നതിന് സംസ്ഥാന സർക്കാർ യാതൊരു നടപടിയും സ്വീകരിച്ചില്ല എന്നാണ് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. 2014-15-ലും സംസ്ഥാന സർക്കാർ ഇതേ രീതിയിൽ വീഴ്ച വരുത്തിയിരിക്കുന്നു എന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് മിശ്ര വിവാഹിതർക്ക് ധനസഹായം കൊടുക്കുന്ന പദ്ധതികൂടി ഈ സ്കീമിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. എന്നാൽ സെൻട്രൽ ഗവൺമെന്റ് സ്കീമിനകത്ത് മിശ്രവിവാഹിതർക്ക് ധനസഹായം നല്കുന്ന വിഷയം ഉൾപ്പെടുത്തിയിട്ടില്ല.

മി. ചെയർമാൻ: ........പ്ലീസ്....... കൺക്ലൂഡ്

ശ്രീ. വി. ശശി: അതുകൊണ്ട് കേന്ദ്രസർക്കാരിൽ നിന്ന് ധനസഹായം ലഭിക്കുന്നുണ്ടോ ഇല്ലയോ എന്ന് അങ്ങ് ഉറപ്പുവരുത്തേണ്ടതാണ്. അതുപോലെ ജില്ലാ

മോണിറ്ററിംഗ് കമ്മിറ്റി നിയമാനുസൃതം ജില്ലാതലത്തിൽ നടക്കുന്നില്ല; ബോധവൽക്കരണ പരിപാടി നടക്കുന്നില്ല. പോലീസ് ഉദ്യോഗസ്ഥർക്കും മറ്റു ജീവനക്കാർക്കുംകൂടി ബോധവൽക്കരണ പരിപാടി നടത്തുന്നതിനുവേണ്ടിയുള്ള ശ്രമം അങ്ങ് നടത്തണം. ഫണ്ട് ലാപ്സാകുന്ന കാര്യം വിശദമായി പരിശോധിച്ച് അതിനുവേണ്ട നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം 1989, പൗരാവകാശ സംരക്ഷണനിയമം 1965 എന്നിവ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പട്ടികജാതി വികസന വകുപ്പ് നിരവധി നടപടികൾ സ്വീകരിക്കുന്നുണ്ട്. അതിക്രമം തടയൽ നിയമപ്രകാരമുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് സ്വീകരിച്ച നടപടികൾ മുഖ്യമന്ത്രി അദ്ധ്യക്ഷനായ സംസ്ഥാനതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി വിലയിരുത്തുന്നുണ്ട്. അതിക്രമം തടയൽ നിയമപ്രകാരമുള്ള കേസുകളുടെ പുരോഗതി വിലയിരുത്തുന്നതിനും അതിക്രമത്തിന് ഇരയാകുന്നവർക്ക് ധനസഹായം അനുവദിക്കുന്നതിനും സ്വീകരിച്ച നടപടികൾ അവലോകനം ചെയ്യുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ജില്ലാതലത്തിൽ വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റികളും ഉണ്ട്. അതിക്രമം തടയൽ നിയമം നടപ്പിലാക്കുന്നതിന് ആവശ്യമായ

തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയിൽ 50% കേന്ദ്ര വിഹിതമാണ്. അതിക്രമത്തിന് ഇരയായവർക്കുള്ള ആനുകൂല്യവും പുനരധിവാസത്തിനുള്ള ധനസഹായവും ഈ തുകയിൽനിന്നാണ് ചെലവഴിക്കുന്നത്. പൗരാവകാശ സംരക്ഷണ നിയമ പ്രകാരം മിശ്രവിവാഹം പ്രോത്സാഹിപ്പിക്കുന്നതിന് 50,000/- രൂപ ധനസഹായമായി അനുവദിക്കുന്നു. 2012-13 സാമ്പത്തിക വർഷത്തിൽ നിർധനരായ പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം നല്കുന്നതിനുള്ള തുകകൂടി ഈ അക്കൗണ്ടിൽ നിന്നാണ് ചെലവഴിച്ചത്. നിർധനരായ പട്ടികജാതി യുവതികൾക്കുള്ള വിവാഹ ധനസഹായ പദ്ധതികൂടി ഇതിൽ ഉൾപ്പെട്ടതുകൊണ്ടാണ് പ്രസ്തുത സാമ്പത്തികവർഷം മാത്രം വിവാഹ ധനസഹായത്തുക അതിൽ നിന്ന് ചെലവഴിക്കേണ്ടി വന്നത്. മിശ്ര വിവാഹ ധനസഹായത്തിന് മുൻവർഷങ്ങളിൽ ലഭിച്ച ശരാശരി അപേക്ഷകൾ ആ വർഷവും ലഭിച്ചിരുന്നു. എന്നാൽ അതിക്രമം തടയൽ നിയമപ്രകാരം ലഭ്യമായ അപേക്ഷകളുടെ എണ്ണം കുറവായതുകൊണ്ടാണ് ആ ശീർഷകത്തിൽ ഫണ്ട് മുഴുവനും ചെലവഴിക്കാൻ സാധിക്കാതെ പോയത്. അങ്ങ് ഇവിടെ പറഞ്ഞ കാര്യം പ്രത്യേകമായി ശ്രദ്ധിക്കുന്നു. ഇതിന്റെ ഫണ്ട് വിനിയോഗത്തിന്റെ കാര്യത്തിലും പ്രവർത്തനങ്ങൾ വിലയിരുത്തുന്ന കാര്യത്തിലും ഏറ്റവും സജീവമായിട്ടുള്ള

ഇടപെടൽ ഉണ്ടായിട്ടുണ്ട്. അത് തുടർന്നും ഉണ്ടാകുന്നതാണ്.

സബ് കോടതി

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, അടൂരിൽ സബ് കോടതി അനുവദിക്കണമെന്ന ആവശ്യം ഈ നിയമസഭയിൽ രണ്ടാമത്തെ പ്രാവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്. നിലവിൽ അടൂരിൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി, മുൻസിഫ് കോടതി എന്നിവ നൂറ്റാണ്ടുകൾക്ക് മുമ്പ് സ്ഥാപിതമായതാണ്. കോടതിയുടെ പേരിൽ റവന്യൂ റിക്കോർഡ് പ്രകാരം മൂന്ന് ഏക്കർ സ്ഥലമുണ്ട്. 2011-ൽ ഹൈക്കോടതി രജിസ്ട്രാറുടെ ഉത്തരവുപ്രകാരം പ്രയോറിറ്റി ലിസ്റ്റിൽ അടൂരിനെ പതിനൊന്നാമതാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വിശാലമായതും ജനബാഹുല്യമുള്ളതുമായ അടൂർ താലൂക്കിന്റെ പരിധിയിൽ 15 വില്ലേജുകൾ, ഒരു മുനിസിപ്പാലിറ്റി, 4 പോലീസ് സ്റ്റേഷനുകൾ എന്നിവ ഉൾപ്പെടുന്നുണ്ട്. അടൂർ മുൻസിഫ് കോടതിയിൽ നിന്നും പത്തനംതിട്ട ജില്ലാ കോടതിയിൽ അപ്പീൽ ബോധിപ്പിച്ച് വാദം കേൾക്കുന്ന എല്ലാ കേസുകളും അടൂരിൽ സബ് കോടതി അനുവദിച്ചാൽ അവിടെത്തന്നെ തീർപ്പാക്കാൻ കഴിയും. സബ് കോടതി അസിസ്റ്റന്റ് സെഷൻസ് കോടതി ആയതിനാൽ 10 വർഷം വരെ കേസുകളെല്ലാം അടൂരിൽ വിചാരണ നടത്തുവാനും അടൂർ താലൂക്കിലെ ഭൂമി ഏറ്റെടുപ്പുമായി ബന്ധപ്പെട്ടുള്ള

നിരവധി എൽ.എ.ആർ. കേസുകൾ അടൂർ സബ് കോടതിയിൽ അടിയന്തരമായി തീർപ്പാക്കാനും സാധിക്കും. ഇപ്പോൾ അടൂർ താലൂക്കിന്റെ അതിർത്തിയിലും മറ്റുമുള്ള പ്രദേശങ്ങളിൽനിന്ന് പത്തനംതിട്ടയിലോ തിരുവല്ലയിലോ കോടതി വ്യവഹാരത്തിനായി പോകേണ്ടുന്ന അവസ്ഥയാണുള്ളത്. ഏകദേശം 55 കിലോമീറ്ററോളം ദൂരം സഞ്ചരിക്കേണ്ടിവരും. അതുകൊണ്ട് ഈ അവസ്ഥയ്ക്ക് പരിഹാരമുണ്ടാകുന്നതിന് വേണ്ടി അടൂരിൽ സബ് കോടതി അനുവദിക്കുന്നതിന് സഹായകരമായ നടപടികൾ ഉടൻ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി ): സർ, അടൂർ സബ് കോടതി മുൻഗണനാ പരിഗണന പട്ടികയിൽ ക്രമനമ്പർ പതിനൊന്നാമതായാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പുതിയ കോടതി അനുവദിക്കുന്നതിന് മുൻഗണനാക്രമം പാലിക്കണം. കൂടാതെ സ്റ്റാഫ് ഉൾപ്പെടെയുള്ള അതിനാവശ്യമായ സാമ്പത്തിക അനുമതിയും കൊടുക്കണം. ഈ രണ്ട് സാഹചര്യമാണുള്ളത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിലുള്ളതാണ്. മുൻഗണന ലഭിക്കുന്ന മുറയ്ക്ക് ഗവൺമെന്റ് അത് പരിശോധിക്കുന്നതാണ്. കൂടുതൽ കോടതികൾ അനുവദിക്കുന്നതിന് ഗവൺമെന്റ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്, സ്വീകരിക്കുന്നുമുണ്ട്. പക്ഷേ മുൻഗണനാക്രമം പാലിക്കേണ്ടിവരും.

## മാതൃകാ ജില്ലാ വ്യവസായ കേന്ദ്രം

ശ്രീ. ഷാഫി പറമ്പിൽ: സർ, കേരളത്തിൽ എറണാകുളം കഴിഞ്ഞാൽ വ്യാവസായികമായി ഏറ്റവും മുന്നിൽ നിൽക്കുന്ന ജില്ലയാണ് പാലക്കാട്. സൂക്ഷ്മ – ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങളിലൂടെ ഏകദേശം 813 കോടി രൂപയുടെ ഇൻവെസ്റ്റുമെന്റ് നടത്തി 65284 പേർക്ക് തൊഴിൽ നൽകുന്ന ഒരു ജില്ലയാണ് പാലക്കാട്. നിരവധി സ്ഥാപനങ്ങളുണ്ട്. ഈ വ്യവസായ കേന്ദ്രങ്ങളെ നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനും പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രത്തെ ഒരു മാതൃകാ വ്യവസായ കേന്ദ്രമാക്കി ആധുനികവത്ക്കരിച്ച് ഒരു മോഡൽ ഇൻഡസ്ട്രിയൽ സെക്ടറായി അതിനെ മാറ്റണമെന്ന ആവശ്യമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കാൻ ഞാൻ ആഗ്രഹിക്കുന്നത്. ആധുനികമായ ഒരു സൗകര്യവുമില്ലാതെയാണ് 30 വർഷത്തെ പഴക്കമുള്ള കേന്ദ്രം ഇപ്പോൾ മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്. അത് ഐ.ടി. അധിഷ്ഠിതമാക്കണം. ഓഫീസ് ഓട്ടോമേഷൻ നടത്തുകയും ചെറുപ്പക്കാരായ സംരംഭകരെ വളർത്തിയെടുക്കാനുള്ള ട്രെയിനിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുകയും വേണം. പാലക്കാടിന്റെ പൊട്ടൻഷ്യൽ മനസ്സിലാക്കി ചെറുപ്പക്കാരായ സംരംഭകരെ കൂടുതൽ കണ്ടെത്തുക എന്ന ഗവൺമെന്റിന്റെ പോളിസി വേഗത്തിൽ നടപ്പിലാക്കുന്നതിനുവേണ്ടി

പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രത്തെ ഒരു മോഡൽ വ്യവസായ കേന്ദ്രമാക്കി മാറ്റുന്നതോടൊപ്പം..... അവിടെ ഇനി ഐ.ഐ.ടി. ക്ലാസ്സുകൾ തുടങ്ങാൻ പോകുന്നു, കോച്ച് ഫാക്ടറി വരുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. ആ സാധ്യതകളെല്ലാം പ്രയോജനപ്പെടുത്തണം. അതുപോലെ കഞ്ചിക്കോട് വ്യവസായമേഖല കേരളത്തിൽ ഒരു കാലത്ത് ഏറ്റവും വലിയ ഇൻഡസ്ട്രിയൽ റവല്യൂഷൻ നടന്ന മേഖലയാണ്. അവിടെ ഒരു റീവാമ്പിംഗിന് സമയമായി. 6 മാസംകൊണ്ട് പതിനൊന്നോളം വ്യവസായങ്ങൾ അടച്ചുപൂട്ടി പോകുന്നതിനാൽ നിരവധി പേർക്ക് തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകുന്നുണ്ട്. ഇതെല്ലാം ഒരു എക്സ്പെർട്ട് കമ്മിറ്റിയെ വച്ച് പഠിക്കാനും പാലക്കാടിന്റെ വ്യവസായ സാധ്യതകളെ മുഴുവൻ പ്രയോജനപ്പെടുത്തുന്ന തരത്തിലുള്ള ഒരു തീരുമാനം ഗവൺമെന്റ് എടുക്കണമെന്നുമാണ് എനിക്ക് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുവാനുള്ളത്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ തീർച്ചയായും പരിഗണിക്കുന്നതാണ്. പാലക്കാട് ജില്ലയിൽ പ്രത്യേകിച്ച് കഞ്ചിക്കോട്, 1991-ലെ വ്യവസായ നയം വളരെ വിശദമായി ഞാൻ തന്നെ അവതരിപ്പിച്ച സന്ദർഭത്തിൽ അന്ന് ഭാവി വിഭാവനം ചെയ്ത സംഗതിയാണ്. കോയമ്പത്തൂരിൽനിന്നുള്ള

ഇൻഡസ്ട്രിയുടെ ഒരു വലിയ മൈഗ്രേഷൻ പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് വ്യവസായ മേഖലയിൽ അന്ന് കിൻഫ്രാ...... ഇപ്പോൾ എറണാകുളം കഴിഞ്ഞാൽ പാലക്കാടാണ് ഏറ്റവും വലിയ വ്യവസായമേഖലയായി വളർന്നുവരുന്നത്. തീർച്ചയായും ആ ഓഫീസ് മോഡെണൈസ് ചെയ്യും. മാത്രമല്ല, വ്യവസായ മേഖലയിൽ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി റീവാമ്പ് ചെയ്യാനുള്ള പദ്ധതിക്ക് മുന്തിയ പരിഗണന നൽകാൻ ഗവൺമെന്റ് തീരുമാനമെടുക്കുന്നതാണ്.

<u>പ്രാദേശിക വികസന ഫണ്ടിൽനിന്നും തുക അനുവദിക്കൽ</u>

<u>ശ്രീ. എം. ഉമ്മർ</u> : സർ, സംസ്ഥാനത്ത് വിവിധ ജില്ലകളിലായി മുപ്പത്തിരണ്ടോളം ഏരിയ ഇന്റൻസീവ് പ്രോഗ്രാം ഉള്ള സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. 5 ഹയർ സെക്കണ്ടറി സ്കൂളുകൾ, 9 യു.പി. സ്കൂളുകൾ, 18 എൽ.പി. സ്കൂളുകൾ ഉൾപ്പെടെ ആകെ 32 സ്കൂളുകളാണ് ഇതിൽ ഉൾപ്പെടുന്നത്. അവിടെ ശമ്പളം കൊടുക്കുന്നത് മുഴുവൻ ഗവൺമെന്റാണ്. കുട്ടികൾക്ക് ഉച്ചക്കഞ്ഞിയും സൗജന്യമായി യൂണിഫോമും കൊടുക്കുന്നുണ്ട്. എങ്കിലും എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും കമ്പ്യൂട്ടർ വാങ്ങിക്കൊടുക്കാൻ പെർമിസീവ് സാങ്ഷൻ കളക്ടറേറ്റിൽനിന്നും ലഭിക്കുന്നില്ലെന്ന് മാത്രമല്ല, പ്രത്യേക അനുമതിയും ലഭിക്കുന്നില്ല. ഇങ്ങനെയുള്ള സ്കൂളുകൾക്ക് എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗപ്പെടുത്തി

അടിയന്തരമായി കമ്പ്യൂട്ടർ വാങ്ങിക്കൊടുക്കാനുള്ള അനുമതി നൽകണമെന്ന് പ്രത്യേകമായി ഞാൻ അഭ്യർത്ഥിക്കുന്നു.

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ട് പ്രകാരം എയ്ഡഡ് - അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുവേണ്ടി എം.എൽ.എ. മാരുടെ പ്രത്യേക വികസനനിധി ഉപയോഗിക്കുന്നത് നിർത്തലാക്കണമെന്ന് ശിപാർശ ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ഉപകരണങ്ങൾ, സ്മാർട്ട് ക്ലാസ് റൂമിനായുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനും പാചകപ്പുര, ടോയ്ലറ്റ് എന്നിവ നിർമ്മിക്കുന്നതിനും മാത്രം മേല്പടി ഫണ്ട് വിനിയോഗിക്കാനായി അനുമതി നൽകി ഉത്തരവായിരുന്നു. ഏരിയ ഇന്റൻസീവ് പ്രോഗ്രാം സ്കീമിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് എയ്ഡഡ് പദവി ഇല്ലാത്തതിനാൽ എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി വിനിയോഗിച്ച് കമ്പ്യൂട്ടർ വാങ്ങുന്നതിന് അനുമതി നൽകാൻ കഴിയില്ല.

## സോഷ്യൽ മീഡിയയുടെ സ്വാധീനം

ശ്രീ. വി. ഡി. സതീശൻ: സർ, സോഷ്യൽ മീഡിയയ്ക്ക് ഒരു നവമാധ്യമം

എന്നുള്ള നിലയിൽ  വളരെയധികം പ്രസക്തിയുണ്ട്. പക്ഷേ അതിന്റെ ദുരുപയോഗം ഇന്ന് ഗുരുതരമായ ഒരു സാമൂഹ്യപ്രശ്നമായി വളരുകയാണ്. വലിയൊരു ചതിക്കുഴിയാണ് അതിലൂടെ രൂപപ്പെടുത്തുന്നത്. ഇതിന്റെ ഇരകളാകുന്നത് പ്രായം കുറഞ്ഞ സ്കൂൾ വിദ്യാർത്ഥികളടക്കമുള്ള പെൺകുട്ടികളും വീട്ടമ്മമാരുമാണ്. ചാറ്റിങ്ങിലൂടെ പരിചയപ്പെട്ടതിനാൽ പീഡിപ്പിക്കപ്പെടുകയും ആത്മഹത്യ ചെയ്യുകയും നാടുവിട്ടുപോവുകയും ചെയ്ത നിരവധി സംഭവങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് റിപ്പോർട്ട് ചെയ്തുകൊണ്ടിരിക്കുന്നു. പെൺകുട്ടികളുടേയും വീട്ടമ്മമാരുടെയും മിസ്സിംഗ് കേസുകൾ പോലീസ് സ്റ്റേഷനുകളിൽ പരിശോധിച്ചാൽ വളരെ ഗുരുതരമാണെന്ന് കാണാൻ കഴിയും. അതിലൂടെ ഈ വിഷയത്തിന്റെ ആഴം നമുക്ക് ബോധ്യമാകും. ഇപ്പോൾ പീഡനത്തിനുവേണ്ടി പെൺകുട്ടികളെയും വീട്ടമ്മമാരെയും ഉപയോഗിക്കുന്ന പല റാക്കറ്റുകളും ഇതിന്റെ പിന്നിൽ പ്രവർത്തിക്കുകയാണ്.  സോഷ്യൽ മീഡിയ ഒരു ഉപകരണമാക്കി അവർ മാറ്റുകയാണ്. മാത്രമല്ല, സമീപകാലത്തായി രാഷ്ട്രീയ നേതാക്കളെയും മാധ്യമ പ്രവർത്തകരെയും അവരുടെ കുടുംബങ്ങളെയും തേജോവധം ചെയ്യുന്നതിനായി ഈ മാധ്യമങ്ങൾ ദുരുപയോഗം ചെയ്യുകയാണ്. അതിശക്തമായ ബോധവത്ക്കരണ പരിപാടികളും കർശനമായ നടപടികളും വേണമെങ്കിൽ നിയമനിർമ്മാണം

നടത്താൻ സർക്കാർ തയ്യാറാകണമെന്നാണ് എന്റെ അഭ്യർത്ഥന.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, നമ്മുടെ സോഷ്യൽ മീഡിയയുടെ സ്വാധീനം ഇന്ന് സമൂഹത്തിൽ വളരെ ശക്തവും ജനങ്ങൾക്ക് ഗുണകരവുമാണ്. പക്ഷേ ഏതൊരു ഗുണമുള്ള കാര്യത്തെയും എങ്ങനെ ദോഷകരമായി പ്രവർത്തിപ്പിക്കാമെന്നുള്ള മനുഷ്യന്റെ സ്വഭാവത്തിന്റെ ഒരു ഭാഗമായി ഇന്ന് ഈ നവ മാധ്യമങ്ങളെ ദുരുപയോഗപ്പെടുത്തുന്നതും വർദ്ധിച്ചുവരുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ധാരാളം നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. രാഷ്ട്രീയ നേതാക്കന്മാരെയും പൊതുജീവിതത്തിലുള്ള ആളുകളെയും അപകീർത്തിപ്പെടുത്തുക, ലൈംഗികമായ ചിത്രങ്ങൾ പ്രചരിപ്പിക്കുക, കുടുംബബന്ധങ്ങൾ പോലും ശിഥിലീകരിക്കത്തക്ക നിലയിൽ വ്യാജമായ വാർത്തകൾ കൊടുക്കുക ഇവയെല്ലാം ഇന്ന് സോഷ്യൽ മീഡിയയിലൂടെ കാണുന്ന ചില കാര്യങ്ങളാണ്. ഇവയിൽ നടപടിയെടുക്കാനുള്ള ചില ബുദ്ധിമുട്ടുകൾ നമുക്ക് വന്നുചേർന്നിട്ടുണ്ട്. സുപ്രീം കോടതി വിധിയുടെ വെളിച്ചത്തിൽ കേരള പോലീസ് ആക്ട്, ഐ.റ്റി. ആക്ട് - 62 പോലുള്ള വ്യവസ്ഥകൾ സുപ്രീംകോടതി റദ്ദാക്കിയതിന്റെ വെളിച്ചത്തിൽ നടപടികൾ സ്വീകരിക്കാനുള്ള ചില ബുദ്ധിമുട്ടുകൾ നമുക്ക് വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. വി. ഡി. സതീശൻ പറഞ്ഞത് രണ്ട്

പ്രധാനപ്പെട്ട കാര്യങ്ങളാണ്. സോഷ്യൽ മീഡിയയുടെ പ്രവർത്തനങ്ങൾമൂലം നാടുവിട്ടുപോകുന്ന പെൺകുട്ടികൾ, വീട്ടമ്മമാരുൾപ്പെടെയുള്ളവരുടെ ആത്മഹത്യകൾ എന്നിവയെക്കുറിച്ച് കേരളത്തിലെ ഒരു പഠനത്തിൽ പറയുന്നത്, Kerala is having one of the highest rates of suicides, divorce, depression, drug abuse, geriatric that means old age related issues in India എന്നാണ്. ഇവിടെ കഴിഞ്ഞ ഏഴ് വർഷത്തിനിടയിൽ ഡൊമസ്റ്റിക് വയലൻസ് 3,23,555 കേസുകളാണ് ഉണ്ടായിട്ടുള്ളത്. ഇവിടെ 78 percentage of suicide by married couples. Kerala also accounts for 1.96 lakhs of nations, 23.43 lakhs divorce woman, 35 percentage of Keralites suffer from depression, Indian Psychiatric society. ഇതിന്റെ source എന്നുപറയുന്നത് Study on increasing divorce rate in Kerala- IOSR Journal humanities and Social Sciences ISSN എന്നുള്ളതും Times of India -യും New Indian Express-ഉം നടത്തിയ പഠനങ്ങളുടെ വെളിച്ചത്തിലുമാണ്. ഇന്ന് ആത്മഹത്യകൾ വർദ്ധിച്ചു വരുന്നു. അതോടൊപ്പം തന്നെ പെൺകുട്ടികൾ നാടുവിട്ടു പോകുന്നുവെന്ന വാർത്തകളും ശരിയാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നത് ഒരു ഭീതിയുണ്ടാക്കാൻ സഹായിക്കുമെന്നുള്ളതുകൊണ്ട് അതിലേയ്ക്കൊന്നും കടക്കുന്നില്ല. നമ്മുടെ

നാട്ടിൽ പെൺകുട്ടികളെ കാണാതാകുന്ന സംഭവങ്ങൾ നിത്യേന ഉണ്ടാകുന്നത് വളരെ ഗൗരവതരമായ കാര്യമാണ്. ഇതിനകത്ത് സോഷ്യൽ മീഡിയയുടെ സ്വാധീനം വൻതോതിൽ ഉണ്ടാകുന്നുണ്ട്. കമ്പ്യൂട്ടർ സാക്ഷരതയിൽ ഉയർന്ന നിലവാരമുള്ള കേരളത്തിലെ ചെറുപ്പക്കാർ ഫേയ്സ് ബുക്ക്, ട്വിറ്റർ, വാട്ട്സ് ആപ് എന്നീ സോഷ്യൽ നെറ്റ് വർക്ക് മീഡിയയുടെ സ്വാധീന വലയത്തിൽപ്പെട്ട് സുഹൃത്ത് വലയത്തിന്റെ വ്യാപ്തി വർദ്ധിക്കുന്നതും അപരിചിതരായ ആൾക്കാരുമായും വ്യാജ പ്രൊഫൈൽ ഉപയോഗിക്കുന്ന ആൾക്കാരുമായും ഫ്രണ്ട്സ് റിക്വസ്റ്റുകൾ സ്വീകരിക്കുന്നുണ്ട്. സ്വന്തം ഐഡന്റിറ്റി മനപ്പൂർവ്വം മറച്ചുവച്ച് പെൺകുട്ടികളെയും വീട്ടമ്മമാരെയും ചതിക്കുഴിയിൽ വീഴ്ത്താൻ കാത്തുനിൽക്കുന്ന ഇത്തരം സാമൂഹ്യവിരുദ്ധരുടെ വലയിൽ പെട്ടെന്ന് ആകൃഷ്ടരായി അതിൽ വീണുപോകുന്ന നിരപരാധികളായ ധാരാളം ആൾക്കാർ ഇന്നുണ്ട്. ഇക്കാലത്ത് സൈബർ കുറ്റകൃത്യങ്ങളും വൈറ്റ് കോളർ ക്രൈംസും വർദ്ധിച്ചുവരികയാണ്. ഇന്ന് ലോകത്ത് സോഷ്യൽ നെറ്റ് വർക്കിലൂടെ ഉണ്ടാകുന്ന പലതരത്തിലുള്ള കുറ്റകൃത്യങ്ങൾ ഏറ്റവും വലിയ പ്രതിസന്ധി ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ബാങ്ക് ഫ്രോഡ് ഉൾപ്പെടെയുള്ള നിരവധി സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നു. ടെററിസ്റ്റ് ആക്ടിവിറ്റീസിനുവേണ്ടിയും ഇത് ഉപയോഗപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെടുന്നുണ്ട്.

സ്കൂളുകൾ, കോളേജുകൾ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടകൾ, റസിഡൻസ് അസോസിയേഷനുകൾ മറ്റ് ഗവൺമെന്റ് സ്ഥാപനങ്ങൾ, ദൃശ്യ ശ്രവ്യ പത്ര മാധ്യമങ്ങൾ എന്നിവയുമായി ചേർന്ന് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് ഉൾപ്പെടെയുള്ള സംവിധാനങ്ങളിലൂടെ ഈ പ്രക്രിയ നടത്തുകയാണ്. ഹൈടെക് ക്രൈം എൻക്വയറി സെല്ലിന്റെയും ജില്ലാ സൈബർ ക്രൈംസിന്റെയും നേതൃത്വത്തിൽ ബോധവൽക്കരണ നടപടികൾ മുന്നോട്ടുകൊണ്ടുപോകുന്നുണ്ട്. തിരുവനന്തപുരത്തുള്ള സൈബർ പോലീസ് സ്റ്റേഷനും പോലീസ് ആസ്ഥാനത്തുള്ള ഹൈടെക് ക്രൈം എൻക്വയറി സെല്ലും 19 ജില്ലകളിൽ പ്രവർത്തിക്കുന്ന സൈബർ സെല്ലുകളും ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനും കേസുകൾ തെളിയിക്കുന്നതിനുമുള്ള പ്രവർത്തനം നടത്തിവരുന്നു. കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിന് യോഗ്യരായ പോലീസ് ഉദ്യോഗസ്ഥന്മാരെ ഉൾപ്പെടുത്തിയാണ് ഹൈടെക് എൻക്വയറി സെല്ലും, സൈബർ പോലീസ് സ്റ്റേഷനും, ജില്ലാ സൈബർ സെല്ലുകളും പ്രവർത്തിച്ചു വരുന്നത്. കാലാകാലങ്ങളിൽ ഇവർക്ക് വിദഗ്ദ്ധമായ പരിശീലനം നൽകുന്നുണ്ട്. പാസ് വേർഡ് ക്രാക്കർ, ഹാർഡ് വെയർ, സോഫ്റ്റ് വെയർ, മൊബൈൽ ഫോൺ എക്സ്ട്രാക്റ്റർ, കോൾ ഡേറ്റാ അനാലിസിസ് സോഫ്റ്റ് വെയർ, സൈബർ ഫോറൻസിക് ടൂൾസ്

മുതലായ ആധുനിക ഉപകരണങ്ങളുടെ അടിസ്ഥാനത്തിലും ഇത് ചെയ്തുവരുന്നുണ്ട്. ഞാൻ ഇവിടെ പറഞ്ഞ ഡേറ്റകളൊക്കെ വളരെ അലാർമിംഗ് ആയ കാര്യങ്ങളാണ്. നമ്മുടെ സമൂഹത്തിൽ ഇതിനെതിരായ ഒരു അവബോധം ഉണ്ടാക്കുകയെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. പുതിയ തലമുറ ഇതിലേക്ക് വഴുതി വീഴുന്നു. നമ്മുടെ കുട്ടികൾ ചാറ്റ് ചെയ്യുന്നു. ആരോടാണ് ചാറ്റ് ചെയ്യുന്നതെന്ന് നമുക്ക് ആർക്കും അറിയില്ല. ചതിക്കുഴിയിൽ വീഴാതെ കുട്ടികളെ സംരക്ഷിച്ചു നിർത്തേണ്ട ഉത്തരവാദിത്തം രക്ഷിതാക്കൾക്കും അധ്യാപകർക്കും ഉണ്ടെന്ന വസ്തുത അടിവരയിടുകയാണ്. വളരെ അലാർമിംഗ് ആയ സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ പോകാതെ കൺട്രോൾ ചെയ്യാൻ പോലീസിന് ചെയ്യാൻ കഴിയുന്നത് ചെയ്യും. പക്ഷെ സമൂഹവും മറ്റു മാധ്യമങ്ങളും ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതുണ്ടെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

## കൊല്ലങ്കോട് ഫയർ സ്റ്റേഷൻ

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, നെന്മാറ നിയോജകമണ്ഡലത്തിലെ കൊല്ലങ്കോട് ഫയർ സ്റ്റേഷൻ അനുവദിക്കണമെന്നതാണ് എന്റെ സബ്മിഷൻ. തമിഴ്നാടിനോട് ചേർന്നുകിടക്കുന്ന ഈ പ്രദേശത്ത് കടുത്ത വേനൽക്കാലത്ത് തീപിടുത്തം ഉൾപ്പെടെയുള്ള നിരവധി അപകടങ്ങൾ സംഭവിക്കാറുണ്ട്. അപകടം

ഉണ്ടായാൽ ചിറ്റൂർ, ആലത്തൂർ, പാലക്കാട് എന്നിവിടങ്ങളിൽ നിന്നാണ് ഫയർ & റെസ്ക്യൂ വിഭാഗം എത്തിച്ചേരുന്നത്. വളരെ വൈകിയാണ് ഫയർ & റെസ്ക്യൂ വിഭാഗം അവിടെ എത്തിച്ചേരുന്നത്. അപ്പോൾ ഏതാണ്ട് നാശനഷ്ടം സംഭവിച്ചുണ്ടാകും. ഇതുമൂലം വൻ നഷ്ടങ്ങളാണ് ഇന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. കൊല്ലങ്കോട് ടൗണിൽ സൗകര്യപ്രദമായ 50 സെന്റ് ഭൂമി കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് അനുവദിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന് ആവശ്യമായ മൂന്നര കോടി രൂപ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിക്കാൻ തയ്യാറാണെന്ന് അറിയിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് ഞാൻ കത്ത് കൊടുത്തിട്ടുണ്ട്. എ.എസ്. അനുവദിച്ചാൽ മാത്രമേ ഫണ്ട് ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ. എ.എസ്. അനുവദിച്ച് കൊല്ലങ്കോട് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനാവശ്യമായ നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ബഹുമാനപ്പെട്ട മെമ്പർ വി. ചെന്താമരാക്ഷൻ ഉന്നയിച്ച കാര്യം വളരെ ന്യായമാണ്. 21.12.2011-ലെ G.O (Rt) 3764/2011/Home പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ പുതിയതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഫയർ സ്റ്റേഷനുകളുടെ പട്ടികയിൽ കൊല്ലങ്കോട് പന്ത്രണ്ടാമതായി ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രസ്തുത പട്ടികയിൽപ്പെട്ട സ്വന്തമായി സ്ഥലവും കെട്ടിടവും സജ്ജീകരിച്ചു തരുന്ന സ്ഥലങ്ങളിൽ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനാണ് മുൻഗണന നൽകി വരുന്നത്. കൊല്ലങ്കോട് ഫയർ സ്റ്റേഷൻ ആരംഭിക്കാൻ ട്രഷറി വകുപ്പിൽ നിന്നും 50 സെന്റ് സ്ഥലം വകുപ്പിന് കൈമാറിയിട്ടുണ്ട്. ഈ സ്ഥലത്ത് കെട്ടിടം പണിയുന്നതിന് പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയർ തയ്യാറാക്കിയ 3.6 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിന്റെ പരിഗണനയിലാണ്. ഞാൻ പി.ഡബ്ല്യു.ഡി. മിനിസ്റ്ററുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഉടനടി ഭരണാനുമതി നൽകാമെന്ന് പറഞ്ഞിട്ടുണ്ട്. ഈ ആവശ്യത്തിലേയ്ക്ക് 3.5 കോടി രൂപ ആസ്തി വികസന ഫണ്ടിൽ നിന്നും എം.എൽ.എ. അനുവദിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. കെട്ടിട നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ അനുവദിക്കുന്നതാണ്.

ബോംബ് നിർമ്മാണത്തിനിടെ യുവാക്കൾ മരണമടഞ്ഞ സംഭവം

ശ്രീ. സണ്ണി ജോസഫ്: സർ, കണ്ണൂർ ജില്ലയിലെ തൃപ്രങ്ങോട്ടൂർ പഞ്ചായത്തിൽ ഈസ്റ്റ് ചെറ്റകണ്ടിയിൽ കഴിഞ്ഞ മാസം 6-ാം തീയതി നട്ടുച്ച സമയത്ത് ബോംബ് നിർമ്മിച്ചുകൊണ്ടിരിക്കുമ്പോൾ ബോംബ് പൊട്ടിത്തെറിച്ച് രണ്ട് സി.പി.എം. പ്രവർത്തകർ ദാരുണമായി മരിക്കുകയും രണ്ടുപേർക്ക് വളരെ ഗുരുതരമായി പരിക്കുപറ്റുകയും ചെയ്ത സംഭവം ഉണ്ടായിട്ടുണ്ട്. മരിച്ചത് ഷൈജു, സുബീഷ് എന്നീ

രണ്ട് സി.പി.എം. പ്രവർത്തകരാണ്. രതീഷിന്റെ കൈപ്പത്തിയും കാലും മുറിച്ചുമാറ്റി കോഴിക്കോട് ആശുപത്രിയിൽ ചികിത്സയിലാണ്. ഈ സംഭവത്തിലുണ്ടായിരുന്ന നിജീഷിനും ഗുരുതരമായ പരിക്കുപ്പറ്റിയിട്ടുണ്ട്. ഇതുസംബന്ധിച്ച് പോലീസ് കേസ് എടുത്തിട്ടുണ്ടെന്നും, രണ്ട് ബ്രാഞ്ച് സെക്രട്ടറിമാർ, ഒരു എൽ. സി. മെമ്പർ, ഒരു മഹിളാ ഫെഡറേഷൻ നേതാവ്, ഒരു വിദ്യാർത്ഥി നേതാവ് എന്നിങ്ങനെ അഞ്ചുപേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും പത്ര വാർത്തകളിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചു. ഇതിനുമുൻപും കണ്ണൂരിൽ ബോംബ് നിർമ്മാണത്തിനിടയിൽ സ്ഫോടനം ഉണ്ടായിട്ടുണ്ട് ആളുകൾ മരിച്ചിട്ടുമുണ്ട്. ഈ സംഭവം നടന്നിട്ട് രണ്ടു ആഴ്ച കഴിഞ്ഞു. അങ്ങേ ഭാഗത്തുനിന്നും ആരെങ്കിലും സഭയിൽ ഉന്നയിക്കുമെന്ന് കരുതിയതാണ്. ആരും ഉന്നയിക്കാത്തതുകൊണ്ട് ആ ജില്ലയിൽ നിന്നും ഞാൻ ഉന്നയിക്കാൻ ബാധ്യസ്ഥനായിരിക്കുന്നു. വീണ്ടും അവിടെ അക്രമപരമ്പരകൾ അരങ്ങേറുകയാണ്. കഴിഞ്ഞ ആഴ്ച കോൺഗ്രസ്സിന്റെ മൊകേരി പഞ്ചായത്ത് ബൂത്ത് പ്രസിഡന്റ് ജഗദീപൻ - ജഗദീപൻ ഒരു കിണർ നിർമ്മാണ തൊഴിലാളിയാണ്. ജോലി കഴിഞ്ഞ് വീട്ടിലേയ്ക്ക് മോട്ടോർ ബൈക്കിൽ പോകുമ്പോൾ തടഞ്ഞുനിർത്തി അദ്ദേഹത്തെ അടിച്ചുവീഴ്ത്തി വായ് മൂടി കെട്ടി കാൽമുട്ട് തകർത്ത് കാലിൽ തന്നെ 20 സ്ഥലത്ത് വെട്ടി കാലും കൈയ്യും തലയ്ക്കും ഗുരുതരമായ പരിക്കുപ്പറ്റി ഇപ്പോൾ

കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ കിടക്കുകയാണ്. മുഖ്യമന്ത്രി അദ്ദേഹത്തെ സന്ദർശിച്ചിരുന്നു. അതുപോലെ അക്രമ സംഭവങ്ങളും, ബോംബു നിർമ്മാണവും പല ഭാഗത്തും വ്യാപകമായി നടക്കുന്നു. ഒട്ടുമിക്ക സ്ഥലങ്ങളിലും സി.പി.എം., സുഹൃത്തുക്കൾ അതിലെ പ്രതികളാണ്. ബോംബ് നിർമ്മാണത്തിന് പ്രേരണ നൽകി ഒത്താശ നൽകി അയച്ചുവിട്ട സഹായികളായ ആളുകളെ പ്രതി ചേർത്ത് ബോംബ് നിർമ്മാണം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, കണ്ണൂർ കൊളവല്ലൂർ പോലീസ് സ്റ്റേഷൻ പരിധിയിലെ ചെറ്റകണ്ടിയിൽ കാക്കറോട്ട് കുന്നിനടുത്തുള്ള വടക്കേക്കര ചാത്തുകുട്ടി എന്നയാളുടെ ഒഴിഞ്ഞ പറമ്പിൽ വച്ച് സി.പി.എം. പ്രവർത്തകരായ ഷൈജു (34), സുബീഷ് (29), രതീഷ് (30), നിജീഷ് (28) എന്നിവർ ചേർന്ന് 06.06.2015-ന് ബോംബ് നിർമ്മാണം നടത്തുന്നതിനിടയിൽ ഉച്ചയ്ക്ക് 12.30 ഓടെ സ്ഫോടനമുണ്ടായതിൽ ഷൈജു, സുബീഷ് എന്നിവർ മരണപ്പെടുകയും രതീഷ്, നിജീഷ് എന്നിവർക്ക് ഗുരുതരമായി പരിക്കേൽക്കുകയുമുണ്ടായി. ഇക്കാര്യത്തിന് കൊളവല്ലൂർ പോലീസ് സ്റ്റേഷനിൽ IPC 304, 201, ES Act-3, 4, 5 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 489/2015

ആയി പോലീസ് സ്വമേധയാ കേസ് രജിസ്റ്റർ ചെയ്തു. സംഭവ സ്ഥലം ബി.ഡി.ഡി.എസ്. (ബോംബ് ഡിറ്റക്ഷൻ ആന്റ് ഡിസ്പോസൽ സൊല്യൂഷൻ) വിഭാഗത്തിന്റെയും ബോംബ് ഡോഗ് സ്ക്വാഡിന്റെയും സഹായത്തോടെ പരിശോധിച്ചതിൽ ബോംബ് നിർമ്മാണത്തിന് സൂക്ഷിച്ച നിരവധി സ്റ്റീൽ കണ്ടെയ്നറുകളും സ്ഫോടക വസ്തുക്കളും മറ്റു അസംസ്കൃത വസ്തുക്കളും കണ്ടെടുത്തു. സംഭവ സ്ഥലത്തുനിന്നും ബോംബിൽ നിറയ്ക്കാൻ ഉപയോഗിച്ച ഗ്ലാസ്സ് കഷ്ണങ്ങളും തുണികളും നീക്കം ചെയ്ത് മറ്റൊരു സ്ഥലത്ത് ഒളിപ്പിച്ച നിലയിലും മൂന്ന് സ്റ്റീൽ ബോംബുകൾ വേറൊരു സ്ഥലത്ത് ഒളിപ്പിച്ച നിലയിലും തെളിവുകൾ നശിപ്പിക്കുന്നതിനുവേണ്ടി സംഭവ സ്ഥലത്തും പരിസരത്തും ഉണങ്ങിയ തെങ്ങോലകളും മറ്റും കൂട്ടിയിട്ട് തീയിട്ടതായും കാണപ്പെട്ടു. സംഭവത്തിൽ പരിക്കേറ്റ നിജീഷിന്റെ വീടും പരിസരവും പരിശോധിച്ചതിൽ ഒരു സ്റ്റീൽ ബോംബ് കണ്ടെത്തി. ഇതിലേയ്ക്ക് നിജീഷിനെയും പിതാവ് ബാലനെയും പ്രതിയാക്കി എക്സ്പ്ലോസീവ് ആക്ട് 4 & 5 എന്നീ വകുപ്പുപ്രകാരം ക്രൈം 490/15 ആയി മറ്റൊരു കേസും രജിസ്റ്റർ ചെയ്തു. എ.ഡി.ജി.പി. നോർത്ത് സോൺ, കണ്ണൂർ ഡി.ഐ.ജി. കണ്ണൂർ ജില്ലാ പോലീസ് മേധാവി തുടങ്ങിയ ഉന്നത ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് കേസ് അന്വേഷണം ഊർജ്ജിതപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നാളിതുവരെയുള്ള

അന്വേഷണത്തിൽ മേൽപ്പറഞ്ഞ പ്രതികൾക്കുപുറമേ സി.പി.ഐ(എം) ളുവക്കുന്ന് ബ്രാഞ്ച് സെക്രട്ടറി വി.എം. ചന്ദ്രൻ, സി.പി.ഐ(എം) പൊയ്ലൂർ ലോക്കൽ കമ്മിറ്റിയംഗം വിജിത് ലാൽ, സി.പി.ഐ(എം) ഈസ്റ്റ് ചെറ്റക്കണ്ടി ബ്രാഞ്ച് സെക്രട്ടറി വിനു, സി.പി.ഐ.(എം) പ്രവർത്തകരായ ജിഷ്ണു എന്നിവർ ബോംബ് നിർമ്മാണത്തിന് ഒത്താശയും പ്രേരണയും നൽകിയിട്ടുണ്ടെന്നും ഈസ്റ്റ് ചെറ്റക്കണ്ടി, എ.കെ.ജി നഗർ ജനാധിപത്യ മഹിളാ അസോഷിയേഷൻ സെക്രട്ടറി നിർമ്മല, തെളിവ് നശിപ്പിക്കുന്നതിന് കൂട്ടുനിന്നുവെന്നും വെളിവായതിനാൽ ഈ ആൾക്കാരെ മേൽപ്പറഞ്ഞ സ്ഫോടനക്കേസിൽ പ്രതികളായി ചേർത്തിട്ടുണ്ട്. സംഭവത്തിൽ പരിക്കേറ്റ് കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ ഇപ്പോഴും ചികിത്സയിൽ കഴിയുന്ന രതീഷ്, നിജീഷ് എന്നിവരൊഴികെ അഞ്ച് പ്രതികളെയും അറസ്റ്റ് ചെയ്തു. ഇതിൽ നിർമ്മലയുടെ പേരിലുള്ള കുറ്റം ബെയിലബിൾ ഒഫൻസായതിനാൽ ഇവരെ സ്റ്റേഷനിൽ നിന്നും ജാമ്യം നൽകി വിട്ടയയ്ക്കുകയും മറ്റ് നാല് പ്രതികൾ ഇപ്പോൾ റിമാൻഡിൽ കഴിഞ്ഞുവരികയുമാണ്. സ്ഫോടനത്തിന്റെ പശ്ചാത്തലത്തിൽ കണ്ണൂർ ജില്ലയിലെ ബോംബ് നിർമ്മാണവും ആയുധശേഖരണവും പൂർണ്ണമായി ഉന്മൂലനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശപ്രകാരം കണ്ണൂർ റേഞ്ച് ഡി.ഐ.ജി.യുടെ നേതൃത്വത്തിൽ

രണ്ട് ബോംബ് ഡിറ്റക്ഷൻ സ്ക്വാഡിനെ നിയോഗിക്കുകയുണ്ടായി. ഈ ടീം ഡോഗ് സ്ക്വാഡിന്റെ കൂടി സേവനം ഉപയോഗിച്ച് 10.6.2015 മുതൽ 24 മണിക്കൂറും ഇപ്പോൾ കണ്ണൂർ ജില്ലയിൽ വ്യാപകമായ റെയ്ഡ് നടക്കുകയാണ്. 13.7.2015 വരെ ഈ പ്രദേശങ്ങളിൽ 360 റെയ്ഡുകൾ നടത്തി. റെയ്ഡുകൾക്കിടയിൽ കണ്ടെത്തിയ ബോംബുകളും ആയുധങ്ങളും ബന്തവസ് വരുത്തി കൊളവല്ലൂർ ക്രൈം 502/15, 504/15 കുത്തുപറമ്പ് ക്രൈം 1122/15 പാനൂർ ക്രൈം 607/15 കതിരൂർ ക്രൈം 787/15 പോലീസ് സ്റ്റേഷനിൽ അഞ്ച് കേസുകൾ രജിസ്റ്റർ ചെയ്തു. ഈ കേസുകളിലെ പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ലാത്തതാണ്. സ്ഫോടനം സംബന്ധിച്ച കേസ് പാനൂർ പോലീസ് ഇൻസ്പെക്ടർ ഊർജ്ജിതമായി അന്വേഷിക്കുന്നു. ഇവിടത്തെ സ്ഥലം എം.എൽ.എ - ആയ കൃഷി വകുപ്പുമന്ത്രി ഈ സംഭവമുണ്ടായപ്പോൾ തന്നെ എന്നെ വിവരങ്ങൾ അറിയിക്കുകയുണ്ടായി.

ഫയർ സ്റ്റേഷൻ

ശ്രീ. കെ. ദാസൻ: സർ, വർഷങ്ങളായി കൊയിലാണ്ടി നിവാസികൾ ആവശ്യപ്പെടുന്നതാണ് കൊയിലാണ്ടിയിൽ ഒരു ഫയർ സ്റ്റേഷൻ അനുവദിക്കണമെന്നുള്ളത്. ഞാൻ ഈ നിയമസഭയിൽ വന്നതിനുശേഷം ആറാമത്തെ തവണയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഇതുവരെ

ഇതുസംബന്ധിച്ച ഗൗരവമായ ഒരു മറുപടി ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. കൊയിലാണ്ടിയിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് കൊയിലാണ്ടി നഗരസഭ സ്ഥലം വിട്ടുനൽകുകയുണ്ടായി. 18.12.2012-ലെ ഫയർ ആന്റ് റെസ്ക്യൂ കമാൻഡന്റ് ജനറൽ ആഭ്യന്തരവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് സമർപ്പിച്ച പ്രൊപ്പോസലിൽ കൊയിലാണ്ടിയിൽ അറ്റൻഡ് ചെയ്ത ഫയർ ഇൻസിഡന്റ് കോളുകളെ സംബന്ധിച്ച റിപ്പോർട്ടിൽ ഫയർ സ്റ്റേഷൻ അടിയന്തരമായി വരേണ്ടകാര്യം എടുത്തുപറഞ്ഞിട്ടുണ്ട്. ഫയർ സ്റ്റേഷൻ സ്ഥാപിക്കാൻ നഗരസഭ ഒരുക്കിയ താൽക്കാലിക സംവിധാനം പര്യാപ്തമാണെന്ന് കമാൻഡന്റ് ജനറൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ മുൻഗണനാപട്ടികയിലും കേരളത്തിൽ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷനുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാർ നിയോഗിച്ച ആർ.എം.എസ്.ഐ. നടത്തിയ പഠനത്തിലും കൊയിലാണ്ടിക്ക് ഉയർന്ന പരിഗണനയാണ് നൽകിയിട്ടുള്ളത്. ഇപ്പോൾ സർക്കാർ 13 പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കാൻ തീരുമാനിച്ചതായി അറിയുന്നു. രണ്ട് നഗരസഭയും വിവിധ പഞ്ചായത്തുകളും ഉൾപ്പടെയുള്ള താലൂക്ക് ആസ്ഥാനമായ കൊയിലാണ്ടിയിൽ വളരെ കൂടുതൽ അപകടങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

അവിടെ അപകടങ്ങളുണ്ടായാൽ വടകരയിൽ നിന്നോ കോഴിക്കോട് നിന്നോ ഏതാണ്ട് 50 കിലോമീറ്റർ ദൂരെനിന്നുമാണ് അഗ്നിശമന സേന വരേണ്ടത്. അതുകൊണ്ട് അടിയന്തരമായി ഫയർ സ്റ്റേഷൻ സ്ഥാപിക്കാനും കൊയിലാണ്ടിയോട് കാണിക്കുന്ന ഈ കടുത്ത അവഗണന അവസാനിപ്പിക്കണമെന്നും ഞാൻ ആവശ്യപ്പെടുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസിന് വലിയ പ്രാധാന്യമുള്ള ഒരു കാലമാണ്. നമ്മുടെ വിദേശരാജ്യങ്ങളിൽ പോയാൽ പോലീസിനെക്കാൾ കൂടുതൽ പ്രാധാന്യം ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസിനാണ് നൽകിവരുന്നത്. ഗവൺമെന്റ് ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കുകയാണ്. ഏറ്റവും അവഗണിച്ച ഒരു ഡിപ്പാർട്ട്മെന്റായിരുന്നു ഇത്. പുതിയ ഇക്യുപ്മെന്റ്സ് വാങ്ങുന്നതിനും ഫയർ ഫോഴ്സിനെ ആധുനികവൽക്കരിക്കുന്നതിനുമായി 171 കോടി രൂപയുടെ എ.എസ് നൽകാൻ കഴിഞ്ഞദിവസം മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗം തീരുമാനിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കെ. ദാസൻ ഉന്നയിച്ച വിഷയം വളരെ ന്യായമാണ്. കോഴിക്കോടിനും വടകരക്കുമിടയിൽ ഏതെങ്കിലുമൊരു അപകടമുണ്ടായാൽ വളരെ ബുദ്ധിമുട്ടാണനുഭവപ്പെടുന്നത്. കഴിഞ്ഞ ദിവസം ഞാൻ

കണ്ണൂരിൽ നിന്നും വരുന്ന വഴിക്ക് മരങ്ങളെല്ലാം റോഡിൽ വീണുകിടക്കുന്നതുകണ്ട് ഞാൻ ആവശ്യപ്പെട്ടിട്ടാണ് വടകരയിൽ നിന്ന് ഫയർ ഫോഴ്സ് എത്തിയാണ് മരങ്ങളെല്ലാം വെട്ടിമാറ്റിയത്. ന്യായമായ ആവശ്യമാണ്. കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലമില്ലായെന്നുള്ളതാണ് ഒരു പ്രശ്നം. കെട്ടിടം നിർമ്മിക്കുന്നതിന് കൊയിലാണ്ടി മുൻസിപ്പാലിറ്റി ഹോമിയോ ആശുപത്രിക്ക് സമീപം അനുയോജ്യമായ 50 സെന്റ് സ്ഥലം സൗജന്യമായി വിട്ടുനൽകാമെന്ന് പറഞ്ഞിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇത് ആരംഭിക്കുന്നതിന് കെട്ടിടം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ വേണം. അതിന് ആസ്തി വികസന ഫണ്ടിൽ നിന്നോ മറ്റേതെങ്കിലും വിധത്തിലോ തരപ്പെടുത്തിയാൽ കെട്ടിടം പണി പൂർത്തിയാക്കി വേഗത്തിൽ ഫയർ സ്റ്റേഷൻ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കും. സാമ്പത്തിക പ്രതിസന്ധി കാരണമാണ് ഇത് നീണ്ടുപോയത്.

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: സാമ്പത്തിക പ്രതിസന്ധിയുണ്ടെങ്കിൽ അക്കാര്യം ഒരു സബ്മിഷനിലൂടെ സഭയിൽ ഉന്നയിക്കാം.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാനുള്ള നിർദ്ദേശം വച്ചത് തെറ്റാണെങ്കിൽ ഞാനത് പിൻവലിച്ചേയ്ക്കാം.

<u>മി. ചെയർമാൻ</u>: ഫ്ലാറ്റുകൾ പോലെ ഉയർന്ന സ്ഥലങ്ങളിൽ തീപിടിച്ചാൽ

അത് കെട്ടുത്തുന്നതിനുള്ള സംവിധാനം ഇപ്പോഴുമില്ല.

ശ്രീ. രമേശ് ചെന്നിത്തല: അങ്ങ് പറഞ്ഞ കാര്യം വളരെ ന്യായമാണ്. കേരളത്തിൽ ഉയർന്ന കെട്ടിടങ്ങൾ ധാരാളമുണ്ട്. അതുകൊണ്ടാണ് 171 കോടി രൂപയുടെ ഭരണാനുമതി കൊടുക്കാൻ തീരുമാനിച്ചത്. ഹൈ റെയ്സ്ഡ് ബിൽഡിംഗിനാവശ്യമായ ഹൈ റെയ്സ്ഡ് ഫയർ എഞ്ചിനുകളും ലാഡറുകളും, കാരണം തീപിടിത്തമുണ്ടായാൽ വെളിയിൽ നിന്നുംവേണം അഗ്നിശമന സേനയ്ക്ക് പ്രവർത്തിക്കാനുള്ളത്. എന്തിനേറെ ഫയർ ഫോഴ്സ് ജീവനക്കാർക്ക് തീപിടിത്തമുണ്ടാകുമ്പോൾ ധരിക്കുന്ന ഉടുപ്പുപോലുമില്ല. വളരെ ശോചനീയമായ സ്ഥിതിയാണ് ഈ വിഭാഗത്തിനുള്ളത്. അതുകൊണ്ട് കഴിഞ്ഞ തവണ ധനകാര്യവകുപ്പുമന്ത്രി 18 കോടി രൂപ അനുവദിച്ചു. ദുരന്തനിവാരണത്തിന് എല്ലാവർഷവും 5 കോടി രൂപ വീതം അനുവദിക്കാൻ റവന്യൂ വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശിനോട് അഭ്യർത്ഥിച്ചു. അത് അദ്ദേഹം അനുവദിച്ചു. ഇതൊന്നും പോരാത്തതിനാലാണ് 171 കോടി രൂപ അനുവദിച്ച് ആധുനികവൽക്കരിക്കാൻ തീരുമാനിച്ചത്. വളരെ ഗൗരവമുള്ള വിഷയമാണിത്. ഫ്ലാറ്റുകളിൽ തീപിടിത്തമുണ്ടായാൽ അത് നേരിടുന്നതിനുള്ള സംവിധാനം ഇന്ന് നമുക്കില്ല. ദുരന്തനിവാരണ സേനയിൽ നിന്ന് റവന്യൂ വകുപ്പുമന്ത്രി, വിമാനത്താവളങ്ങളിൽ

ഉപയോഗിക്കുന്ന ഏറ്റവും ആധുനിക രീതിയിലുള്ള, ഉയർന്ന കെട്ടിടങ്ങളിലെ തീയണക്കാൻ പര്യാപ്തമായ, രണ്ട് ഫയർ എഞ്ചിൻ അവർ ഡിസാസ്റ്റർ മാനേജ്മെന്റിന് തരാമെന്ന് പറഞ്ഞിട്ടുണ്ട്. ഇക്കാര്യം വളരെ ഗൗരവത്തോടെ കണ്ട് 171 കോടി രൂപയുടെ ഭരണാനുമതി വാങ്ങി ആധുനിക ഉപകരണങ്ങൾ വാങ്ങുവാനും അഗ്നിശമന വിഭാഗത്തെ പൂർണ്ണമായും ആധുനികവൽക്കരിക്കാനുമുള്ള നടപടികൾ സ്വീകരിക്കും. കൊയിലാണ്ടി മെമ്പർ ഉന്നയിച്ച കാര്യം തീർച്ചയായും പരിഗണിക്കുന്നതാണെന്നുകൂടി ഞാൻ അറിയിക്കുന്നു.

<u>അദ്ധ്യാപക തസ്തികകൾ അനുവദിക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീമതി കെ.കെ. ലതിക</u> : സർ, എല്ലാ മണ്ഡലങ്ങളിലേയും എം.എൽ.എ മാരെ ബാധിക്കുന്ന വിഷയമാണ് ഞാനിവിടെ അവതരിപ്പിക്കുന്നത്. നമ്മുടെ സർക്കാർ സ്കൂളുകളിൽ ആവശ്യത്തിന് അദ്ധ്യാപകരില്ല. മാനേജ്മെന്റ് സ്കൂളിലെ അധിക അദ്ധ്യാപകരെ നിലനിർത്താൻ പാക്കേജ് രൂപീകരിക്കുന്ന അവസരത്തിൽ തന്നെയാണ് സർക്കാർ സ്കൂളുകളിൽ അദ്ധ്യാപകരില്ലാതെ വിഷമിക്കുന്ന വിരോധാഭാസം നടക്കുന്നത്. എന്റെ മണ്ഡലത്തിലെ കുറ്റ്യാടി ഹയർ സെക്കണ്ടറി സ്കൂളിൽ എട്ട്, ഒൻപത്, പത്ത് ക്ലാസുകളിലായി 1711 കുട്ടികളുണ്ട്. 35 ഡിവിഷൻ ആവശ്യമുള്ള ഇവിടെ 27 ഡിവിഷൻ മാത്രമേയുള്ളൂ. ഇവിടെ 15 അദ്ധ്യാപകർ

പുതിയതായി വേണം. പൈങ്ങോട്ടായ് ഗവൺമെന്റ് യു.പി. സ്കൂളിൽ 310 കുട്ടികൾ പഠിക്കുന്നു, 9 ഡിവിഷനുണ്ട്. ഇവിടെ ഏഴ് അദ്ധ്യാപകരേയുള്ളൂ. വട്ടോളി ഗവൺമെന്റ് യു.പി. സ്കൂളിൽ 513 കുട്ടികളുണ്ട് 12 ഡിവിഷനുള്ള ഇവിടെ ആറ് അദ്ധ്യാപകരേയുള്ളൂ. തിരുവള്ളൂർ ഗവൺമെന്റ് യു.പി.സ്കൂളിൽ 510 കുട്ടികളുണ്ട്. അവിടെ പതിനഞ്ച് അദ്ധ്യാപകർ വേണ്ടിടത്ത് 13 പേരേയുള്ളൂ. പി.എസ്.സി. വഴി സ്ഥിര നിയമനം നടത്തുന്നതുവരെ ഇവിടങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തിയോ സ്വകാര്യ സ്കൂളിലെ അധിക അദ്ധ്യാപകരെ പുനർവിന്യസിച്ചോ അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തി സ്കൂളിൽ പഠിക്കാനുള്ള അവസരമുണ്ടാക്കണം. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് മറ്റൊരഭ്യർത്ഥനയുള്ളത്, 2012-ൽ കുറ്റ്യാടി തോരാമഴ ഗവൺമെന്റ് യു.പി. സ്കൂളിലെ കുട്ടികൾക്ക് ഒരു ലക്ഷം രൂപ അവാർഡ് കൊടുക്കാമെന്ന് അങ്ങ് പറഞ്ഞിട്ട് വർഷം രണ്ടായി, ആ തുക ഇതുവരെ കൊടുത്തിട്ടില്ല. ഇതുമായി ബന്ധപ്പെട്ട വിഷയമല്ലെങ്കിലും ഇതു സംബന്ധിച്ച് ഞാൻ അങ്ങയോട് ചോദിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. അബ്ദുറബ്ബ്</u>): സർ, സംസ്ഥാനത്തെ സ്കൂളുകളിൽ യു.ഐ.ഡി. അടിസ്ഥാനത്തിൽ തസ്തിക നിർണ്ണയം നടത്തുന്നതിനായി യഥാക്രമം 29.11.2013 ലെ ജി.ഒ (പി) നം. 313/13, 14.7.2014-ലെ ജി.ഒ (പി) നം.

124/2014, 23.12.2014 ലെ ജി.ഒ. (പി) നം. 278/14 എന്നിവ പ്രകാരം തസ്തിക നിർണ്ണയ ഉത്തരവുകളും തുടർന്ന് മാർഗ്ഗദർശന നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിരുന്നുവെങ്കിലും മേൽപ്പറഞ്ഞ ഉത്തരവുകളെല്ലാം 15.1.2015-ലെ WP(c) No.30107/13-ാം നമ്പർ കേസിലെ വിധിന്യായത്തിലൂടെ ബഹു. ഹൈക്കോടതി റദ്ദുചെയ്യുകയുണ്ടായി. ഇതിനെതിരെ സർക്കാർ ഫയൽ ചെയ്ത അപ്പീൽ പരിഗണിച്ച് ഇടക്കാല സ്റ്റേ നിലനിൽക്കുന്നുവെങ്കിലും അന്തിമ വിധി പുറപ്പെടുവിച്ചിട്ടില്ല. കെ.ഇ.ആർ പ്രകാരമല്ലാതെ ഒരു ഉത്തരവും നടപ്പിലാക്കരുതെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചു. റദ്ദുചെയ്യപ്പെട്ട അദ്ധ്യാപക പാക്കേജ് വഴി ഇതിനോടകം നിയമനാംഗീകാരം ലഭിച്ചവർക്ക് സംരക്ഷണം നൽകണമെന്നതിനാലും പുതിയ അധ്യയനവർഷം ആരംഭിച്ച സാഹചര്യത്തിൽ തസ്തിക നിർണ്ണയം അനിവാര്യമായതിനാലും ഇക്കാര്യം വിവിധ അദ്ധ്യാപക സംഘടനകളുമായും മാനേജ്മെന്റുകളുമായും സർക്കാർ ചർച്ച ചെയ്യുകയുണ്ടായി. ഇതുകൂടാതെ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 06-07-2015-ൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി, ധനകാര്യവും നിയമവും വകുപ്പുമന്ത്രി, ആഭ്യന്തര വകുപ്പുമന്ത്രി, ഗ്രാമവികസനവും ആസൂത്രണകാര്യവും വകുപ്പുമന്ത്രി എന്നിവരടങ്ങുന്ന ഒരു മന്ത്രിതല ഉപസമിതി ഈ വിഷയം വിശദമായി പരിശോധിച്ചു. അതിന്റെ ഫലമായി ഈ അദ്ധ്യയന വർഷം

മുതൽ യു.ഐ.ഡി.യുടെ വെളിച്ചത്തിൽ കെ.ഇ.ആർ. ചട്ടങ്ങൾക്കനുസൃതമായി 1:45 അനുപാതത്തിൽ തസ്തിക നിർണ്ണയം നടത്തി അദ്ധ്യാപക തസ്തികകൾ ഡിവിഷൻ വർദ്ധനവിന് ആനുപാതികമായി അനുവദിക്കുവാൻ തീരുമാനമായിട്ടുണ്ട്. ഇപ്രകാരം സർക്കാർ സ്കൂളുകളിലും കുട്ടികളുടെ വർദ്ധനവിനനുസരിച്ച് തസ്തികകൾ ലഭ്യമാകുന്നതാണ്. എയ്ഡഡ് മേഖലയിൽ ഇതിനോടകം 31-03-2011 ന് മുമ്പ് സ്ഥിരം തസ്തികയിൽ നിയമിക്കപ്പെട്ട എല്ലാ അദ്ധ്യാപകർക്കും സംരക്ഷണം നൽകിക്കൊണ്ട് ശമ്പളാനുകൂല്യം നൽകുന്നതിനും തീരുമാനമായിട്ടുണ്ട്. ഇതുസംബന്ധിച്ചുള്ള ഉത്തരവ് ഉടൻ പുറപ്പെടുവിക്കുന്നതാണ്. എയ്ഡഡ് മേഖലയിലെ സംരക്ഷിതാദ്ധ്യാപകരെക്കൊണ്ട് അതാത് മാനേജ്മെന്റുകൾ ഒഴിവുകൾ നികത്തേണ്ടതാണ്. മാത്രമല്ല എയ്ഡഡ് മേഖലയിൽ 2011-12 മുതൽ നടത്തിയ സ്ഥിരം നിയമനങ്ങൾ 1:30, 1:35 അനുപാതത്തിൽ അംഗീകരിച്ച് സംരക്ഷണം നൽകുവാനും തീരുമാനമായിട്ടുണ്ട്. സ്വകാര്യ സ്കൂളുകളിലെ അധിക അദ്ധ്യാപകരെ സർക്കാർ സ്കൂളുകളിൽ അധിക തസ്തികകളിൽ താൽക്കാലികമായി നിലനിർത്താൻ തീരുമാനമെടുത്തിട്ടില്ല. പി.എസ്.സി. നിയമനം തടസ്സപ്പെടുമെന്നതിനാലും ഇതിനോടകം അഡ്വൈസ് ലഭിച്ച അദ്ധ്യാപകർ തന്നെ നിയമനമില്ലാതെ നിൽക്കുന്ന അവസ്ഥയുമുള്ള സാഹചര്യത്തിൽ സ്വകാര്യസ്കൂൾ

അദ്ധ്യാപകരെ സർക്കാർ സ്കൂളുകളിൽ നിയമിക്കണമെന്ന ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പണം കൊടുക്കാനുള്ള കാര്യം എഴുതിത്തന്നാൽ ഞാൻ അത് നോക്കാം.

ശ്രീമതി കെ.കെ. ലതിക: ഈ വർഷം തന്നെ തുക കൊടുക്കുമോ?

ശ്രീ. പി. കെ. അബ്ദുറബ്ബ്: പുതിയ പാക്കേജ് അനുസരിച്ചുള്ള തീരുമാനങ്ങൾ ക്യാബിനറ്റ് എടുത്തിട്ടുണ്ട്. അതിന്റെ ജി.ഒ. ഏതാനും ദിവസങ്ങൾക്കകം ഇറങ്ങിക്കഴിഞ്ഞാൽ ഈ പ്രശ്നങ്ങളെല്ലാം പരിഹരിക്കാം.

വർഗ്ഗീയ സംഘർഷങ്ങൾ

ശ്രീ. വർക്കല കഹാർ: സർ, എന്റെ നിയോജകമണ്ഡലത്തിലെ വർക്കല മുത്താനയിലെ ശ്രീനാരായണ ഗുരുമന്ദിരം 2014 സെപ്റ്റംബർ 21-ാം തീയതി സാമൂഹ്യവിരുദ്ധരാൽ ആക്രമിക്കപ്പെട്ടിരുന്നു. എല്ലാ സാമുദായിക വിഭാഗങ്ങളുമുള്ള ഒരു പ്രദേശമാണ് ഇവിടം. 'ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാ സ്ഥാപനം' എന്ന് എല്ലാ ഗുരുമന്ദിരങ്ങളിലും രേഖപ്പെടുത്തിയിട്ടുള്ളതുപോലെ രേഖപ്പെടുത്തിയിട്ടുള്ള ഒരു ഗുരുമന്ദിരമാണ് അത്. ഈ ഗുരുമന്ദിരം ആക്രമിച്ചതിന്റെ പേരിൽ നാട്ടുകാരും അവിടത്തെ ജനപ്രതിനിധിയെന്നുള്ള നിലയിൽ ഞാനും ആഭ്യന്തരവകുപ്പുമന്ത്രിയെ സന്ദർശിച്ച്

പരാതി നൽകിയിരുന്നു. ആ പരാതിയുടെ അടിസ്ഥാനത്തിൽ അദ്ദേഹം ഡി.ജി.പി.-ക്ക് കർശനമായ നിർദ്ദേശവും നൽകി. പക്ഷെ കാര്യമായ അന്വേഷണം അക്കാര്യത്തിലുണ്ടായില്ല. കാര്യമായ അന്വേഷണം ഉണ്ടാകാത്ത സാഹചര്യത്തിൽ ലോക്കൽ പോലീസിനെ മാറ്റിനിർത്തി മറ്റ് സംവിധാനങ്ങൾ കൊണ്ട് അന്വേഷിപ്പിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടിരുന്നു. ക്രൈം ബ്രാഞ്ചിന് നിർദ്ദേശം നൽകിയിരുന്നു. ഈ പ്രദേശം എല്ലാ വിഭാഗങ്ങളുമുള്ള പ്രദേശമായതിനാൽ സാമൂഹ്യമായ സംഘർഷമുണ്ടായി അത് വർഗ്ഗീയമായി മാറുന്ന ഒരു സ്ഥിതിയിലാകുമോയെന്ന് ഭയക്കുകയാണ്. പത്തുമാസമായിട്ട് കർശനമായ ഒരു നടപടിയുമുണ്ടായില്ലെന്നും പ്രതികളെ പിടിച്ചില്ലെന്നുമുള്ള രീതിയിൽ അവിടത്തെ ആളുകളും പരാതിക്കാരും ക്ഷുഭിതരുമാണ്. അതുകൊണ്ട് ഇത് ഗുരുതരമായി കാണണമെന്നും കുറ്റവാളികളെ കണ്ടെത്തുന്നതിന് ഇപ്പോൾ നമ്മുടെ പോലീസ് വകുപ്പിന് ധാരാളം സംവിധാനങ്ങളുണ്ട്. ഇതിനെക്കാൾ വലിയ കുരുക്കുകളുള്ള കേസ്സുകളിലെ പ്രതികളെ കണ്ടെത്തിയിട്ടുണ്ട്. അതുകൊണ്ട് കാര്യക്ഷമമായ ഒരന്വേഷണം നടത്തി പ്രതികളെ കണ്ടെത്താനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ,

കല്ലമ്പലം പോലീസ് സ്റ്റേഷൻ പരിധിയിലെ മുത്താന ജംഗ്ഷന് സമീപം സ്ഥാപിച്ചിട്ടുള്ള 2019-ാം നമ്പർ എസ്.എൻ.ഡി.പി. ശാഖ കെട്ടിടത്തിന്റെ ഗ്ലാസ്സുകൾ 21-09-2014 രാത്രിയിൽ ആരോ കല്ലെറിഞ്ഞ് പൊട്ടിച്ചു. ഉദ്ദേശം ഏതാണ്ട് പതിനായിരം രൂപയുടെ നാശനഷ്ടം വരുത്തിയത് സംബന്ധിച്ച് IPC 153 (A), 427 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 1359/14 ആയി കല്ലമ്പലം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരികയാണ്. ഈ കേസ് കല്ലമ്പലം എസ്.ഐ. അന്വേഷിച്ചുവരവെ ശാസ്ത്രീയമായ തെളിവുകൾ നടത്തിയും സംശയമുള്ളവരുടെ ഫിംഗർ പ്രിന്റുകൾ ശേഖരിച്ച് പരിശോധിച്ചും സംശയിക്കുന്നതായ ആളുകളുടെ മൊബൈൽ ഫോൺ വിവരങ്ങൾ പരിശോധിച്ചും കേസ് തെളിയിക്കാനുള്ള ശ്രമങ്ങൾ നടത്തിയെങ്കിലും പ്രതികളെപ്പറ്റി യാതൊരു സൂചനയും ലഭിക്കാത്ത സാഹചര്യത്തിൽ തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവ് നമ്പർ 87/ക്യാംപ്/2014 റ്റി. 01-10-2014 പ്രകാരം ആറ്റിങ്ങൽ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ വർക്കല പോലീസ് ഇൻസ്പെക്ടർ, കല്ലമ്പലം പോലീസ് സബ് ഇൻസ്പെക്ടർ, ഒരു എ.എസ്.ഐ. രണ്ട് എസ്.ഇ.പി.ഒ. എന്നിവരുൾപ്പെട്ട ഒരു പ്രത്യേക ടീമിനെ അന്വേഷണത്തിനായി ചുമതലപ്പെടുത്തി. ഈ അന്വേഷണസംഘം അനേകം പേരെക്കണ്ട് ചോദിച്ച് സമഗ്രമായ അന്വേഷണം

നടത്തിയെങ്കിലും പ്രതികളെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. തുടർന്ന് അന്വേഷണത്തിനായി ബഹുമാനപ്പെട്ട എം.എൽ.എ. വർക്കല കഹാറും എസ്.എൻ.ഡി.പി. യോഗത്തിന്റെ ഭാരവാഹികളും എന്നെ വന്നുകണ്ട് സംസാരിച്ചതിന്റെയടിസ്ഥാനത്തിൽ കേസ് ജില്ലാ ക്രൈം ബ്രാഞ്ചിന് വിടാൻ എ.ഡി.ജി.പി. സൗത്ത് സോണിന് നിർദ്ദേശം നൽകി തിരുവനന്തപുരം ജില്ലാ ക്രൈം ബ്രാഞ്ചിനെ ചുമതലപ്പെടുത്തി. അന്വേഷണം രണ്ടുഘട്ടങ്ങളിലായി നടത്തിയെങ്കിലും ആരെയും കണ്ടെത്താൻ കഴിഞ്ഞില്ല. ക്രൈം ബ്രാഞ്ചിന് വിട്ടുകൊടുത്തിരിക്കുകയാണ്. ക്രൈം ബ്രാഞ്ചിനും ഇതുവരെയും പ്രതികളെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. എന്നാലും അന്വേഷണം വളരെ ഊർജ്ജിതമായി നടത്താനുള്ള നിർദ്ദേശം നൽകുന്നതാണ്. പ്രതികളെ വേഗത്തിൽ കണ്ടെത്തണമെന്നുള്ളത് തന്നെയാണ് ഗവൺമെന്റിന്റെയും ആഗ്രഹം. അതനുസരിച്ചുള്ള നടപടികൾ ഊർജ്ജിതപ്പെടുത്താനുള്ള നിർദ്ദേശം വീണ്ടും നൽകുന്നതാണ്.

## തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ

ശ്രീ. പി. കെ. ബഷീർ: സർ, ഫോറസ്റ്റ് വകുപ്പിന്റെ കീഴിൽ നിലമ്പൂർ പ്രവർത്തിച്ചുവരുന്ന സ്റ്റേറ്റ് വുഡ് ഇൻഡസ്ട്രീസ് സർക്കാരിന്റെ ഉത്തരവ് പ്രകാരം

2009-ൽ അടച്ചുപൂട്ടി. തൊഴിലാളികളുടെ വി.ആർ.എസ്, ഗ്രാറ്റുവിറ്റി, ലോക്കൗട്ട് വേജസ് തുടങ്ങിയ ആനുകൂല്യങ്ങൾ നൽകി പിരിച്ചുവിടാൻ തീരുമാനമായിട്ട് ആറുകൊല്ലം കഴിഞ്ഞു. ഈ ആറുകൊല്ലം കഴിഞ്ഞിട്ടും ആകെ 65 ലക്ഷം രൂപയാണ് എൺപതോളം തൊഴിലാളികൾക്ക് കൊടുത്തിട്ടുള്ളത്. ഇവരെ പിരിച്ചുവിടാൻ ആകെ വേണ്ടത് 3 കോടിരൂപയാണ്. ഈയടുത്തകാലത്ത് അവിടത്തെ യന്ത്രസാമഗ്രികൾ വിറ്റ വകയിൽ രണ്ടുകോടിയിലധികം രൂപ ലഭിച്ചു. എത്രയും വേഗം ഈ തൊഴിലാളികൾക്ക് കൊടുക്കാനുള്ള ആനുകൂല്യങ്ങൾ നൽകി ആ പ്രശ്നം അവസാനിപ്പിക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ പറയാനുള്ളത്. കഴിഞ്ഞ ആറുവർഷമായി ഇതിനൊരു തീരുമാനമാകാതെ നിൽക്കുകയാണ്. വി.ആർ.എസ്. ഗ്രാന്റാണ് കൊടുക്കേണ്ടത്. തൊഴിലാളികൾക്ക് ഇതല്ലാതെ ജീവിക്കാൻ വേറെ മാർഗ്ഗമൊന്നുമില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ താൽപ്പര്യമെടുത്ത് ഓണത്തിനുമുമ്പ് ഇവരുടെ ആനുകൂല്യങ്ങൾ കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. ചർച്ച ചെയ്ത് തീരുമാനിച്ച കാര്യങ്ങളാണ്. ഫണ്ട് അവിടെയുണ്ട്. ആ ഫണ്ടിൽ നിന്നും തൊഴിലാളികളുടെ ആനുകൂല്യങ്ങൾ കൊടുക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇതൊരു പഴയ കേസ്സാണ്. 24-02-2009 മുതൽ തുങ്ങിയതാണ്. പലഗവൺമെന്റുകൾ പലപ്രാവശ്യം ചർച്ച ചെയ്ത് അവസാനം അവരുടെ ആനുകൂല്യങ്ങൾ വി.ആർ.എസ്. ആയി കൊടുക്കാനാണ് തുടങ്ങിയത്. പിന്നീട് ആനുകൂല്യങ്ങൾ കൊടുക്കാനുള്ള തീരുമാനത്തിലേക്ക് വന്നു. അന്ന് അവരുടെ ആനുകൂല്യങ്ങൾ കൊടുക്കുന്നതിനുവേണ്ടി ആവശ്യമായി വരുന്ന തുക 95 ലക്ഷം രൂപയായിരുന്നു. ഇത്രയും തുകയാണ് ആദ്യം അവിടെ ഉണ്ടായിരുന്നത്. ഞാൻ തന്നെ ഇതുമായി ബന്ധപ്പെട്ട് മൂന്ന് മീറ്റിംഗുകൾ വിളിച്ചിട്ടുണ്ടായിരുന്നു. ആ 95 ലക്ഷം രൂപയും പിന്നീട് ഇപ്പോൾ സാധനസാമഗ്രികൾ വിറ്റുകിട്ടിയ തുകയും കൂടിച്ചേർന്ന ഒരു കോർപ്പസ് എമൗണ്ട് ഇപ്പോൾ അവിടെയുണ്ട്. അത് എങ്ങനെ വിതരണം ചെയ്യണമെന്ന് യൂണിയൻ നേതാക്കന്മാരുമായി ഒരാഴ്ചയ്ക്കുമുമ്പ് സംസാരിച്ചിരുന്നു. ആ തുക വിതരണം ചെയ്യുന്നതിന്റെ ഒരു ഫോർമുല യൂണിയൻ നേതാക്കന്മാർ ഒരു consensus-ൽ എത്താൻ പറഞ്ഞിരുന്നു. പഴയ ഒരു പ്രാപ്പോർഷനുണ്ട്. ആ പ്രൊപ്പോർഷൻ അനുസരിച്ചാണോ ഇവർക്ക് പുതുതായി എന്തെങ്കിലും തീരുമാനമുണ്ടോ, ആ തീരുമാനം എന്താണെന്ന് അറിയിക്കുന്നതിന് യൂണിയൻ നേതാക്കന്മാരോട് അഭ്യർത്ഥിച്ചിരിക്കുകയാണ്. അവരുടെ opinion കൂടി

വന്നാൽ നമുക്ക് ഉള്ള തുക വിതരണം ചെയ്യാൻ സാധിക്കും. എന്നാലും ചെറിയ തുകയുടെ കുറവുണ്ടാകും. ആ തുകയെക്കുറിച്ചാണ് ബഹുമാനപ്പെട്ട പി.കെ. ബഷീർ സംസാരിച്ചതെന്നാണ് എനിക്ക് തോന്നുന്നത്. ആ തുക കിട്ടാൻ വേറെ മാർഗ്ഗമെന്താണെന്ന് പരിശോധിക്കണം. ഏതായാലും നമ്മുടെ കയ്യിലുള്ള തുക യൂണിയൻ നേതാക്കന്മാരുടെ സമ്മതത്തോടെ അവരുടെ ഒരു ഫോർമുലയുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്യാൻ ഗവൺമെന്റ് ഒരുക്കമാണ്.

മണൽവാരൽ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, അംഗീകൃത കടവുകളിൽ നിന്ന് മണലെടുക്കുന്ന തൊഴിലാളികൾ തൊഴിലില്ലാത്തതുകാരണം ദുരിതം പേറുന്നത് സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. ചാലിയാർ പുഴയിൽ നിന്ന് മണലെടുക്കുന്നതിന് പുതുതായി നാല് പഞ്ചായത്തുകൾക്ക് മാത്രമാണ് അനുമതിയുള്ളത്. ഇതുമൂലം മറ്റ് പഞ്ചായത്തുകളിൽ കളക്ടർ അനുവദിച്ച കടവുകളിലെ തൊഴിലാളികൾ ബുദ്ധിമുട്ടിലാണ്. മണ്ഡലത്തിലെ ചാലിയാറിന്റെ തീരത്തുള്ള വാഴയൂർ, വാഴക്കാട്, ചീക്കോട് പഞ്ചായത്തുകളിലായി മുപ്പതോളം അംഗീകൃത കടവുകളിൽ രണ്ടായിരത്തിലധികം തൊഴിലാളികൾ നേരിട്ടും ലോറിത്തൊഴിലാളികളടക്കം നേരിട്ടല്ലാതെയും ഈ മേഖലയിൽ തൊഴിൽ

ചെയ്യുന്നവരാണ്. ഇതിൽ നിന്നുള്ള വരുമാനം കൊണ്ടാണ് ഇവർ കുടുംബം പോറ്റുന്നത്. ഇതിൽ മണ്ഡലത്തിലെ മൂന്ന് പഞ്ചായത്തുകളിൽ വാഴക്കാട് പഞ്ചായത്തിൽ മാത്രമാണ് ചാലിയാർ പുഴയിൽ നിന്ന് മണലെടുക്കുന്നതിന് അനുമതിയുള്ളത്. അതിനുതന്നെയുള്ള പാസ്സ് ഇതുവരെ നൽകിയിട്ടുമില്ല. ചില സ്ഥലത്ത് മാത്രം അനുവാദം നൽകിയിട്ടുള്ളതുമൂലം തൊഴിലാളികൾക്കിടയിൽ ചേരിതിരിവിന് കാരണമാവുകയും തൊഴിൽ നഷ്ടപ്പെട്ട കാരണം തൊഴിലാളികൾ പട്ടിണിയിലാവുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് ചാലിയാറിൽ നിന്ന് മണലെടുക്കുന്നതിന് അനുമതിയുള്ള അത്രയും മണൽ മുമ്പ് അംഗീകൃതമായി നടത്തിയിരുന്ന കടവുകളിൽ നിന്ന് എടുക്കുന്നതിന് അനുമതിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. പട്ടിണിയിലായ തൊഴിലാളികൾക്ക് പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തവർക്കുമാത്രം ബക്രീദ്, ഓണം പ്രമാണിച്ച് ആശ്വാസം നൽകുവാൻ സൗജന്യ റേഷൻ നൽകണമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും റവന്യൂ വകുപ്പുമന്ത്രിയോടും അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂവും കയറും വകുപ്പുമന്ത്രി <u>(ശ്രീ. അടൂർ പ്രകാശ്):</u> സർ, കേരളാ നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടങ്ങളുടെ 30-ാം വകുപ്പ് പ്രകാരം ഓരോ മൂന്ന് വർഷം കൂടുമ്പോഴും ഓരോ ജില്ലയിലേയും നദികളുടെ സംരക്ഷണം

ഉറപ്പുവരുത്തുന്നതിലേയ്ക്കും മണലിന്റെ അളവ് തിട്ടപ്പെടുത്തുന്നതിലേയ്ക്കും CESS, CWRDM തുടങ്ങിയ വിദഗ്ദ്ധ സമിതികളെക്കൊണ്ട് മണൽ ഓഡിറ്റിംഗ് നടത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ജി.ഒ.(എം.എസ്.) നം. 338/12/റവന്യൂ. തീയതി, 12.09.2012 പ്രകാരം ചാലിയാർ പുഴയിലെ സാന്റ് ഓഡിറ്റിംഗ് സെന്റർ ഫോർ സോഷ്യൽ റിസോഴ്സ് ഡെവലപ്മെന്റ് (CSRD) എന്ന ഏജൻസിയെക്കൊണ്ട് നടത്തുകയും സാന്റ് ഓഡിറ്റിംഗ് റിപ്പോർട്ട് CESS സൂക്ഷ്മ പരിശോധന നടത്തി റിവർ മാനേജ്മെന്റ് സെൽ മുഖാന്തിരം ലാന്റ് റവന്യൂ കമ്മീഷണർക്ക് നൽകുകയും ലാന്റ് റവന്യൂ കമ്മീഷണർ ഈ സാൻഡ് ഓഡിറ്റ് റിപ്പോർട്ട് സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്യുന്നു. പ്രസ്തുത സാൻഡ് ഓഡിറ്റ് റിപ്പോർട്ടിൽ പുഴയിലെ മണലിന്റെ അളവ് ഒരു പൊതുഘടന പ്രകാരം സ്ഥലപരിശോധനയും പഠനവും നടത്തിയാണ് കണക്കാക്കിയിട്ടുള്ളത്. ചാലിയാർ പുഴയുടെ സാന്റ് ഓഡിറ്റ് റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ച് മണൽ ഒരു നിശ്ചിത അളവിൽ കുറഞ്ഞ ഭാഗങ്ങളിൽ മണൽ വാരൽ നിരോധിച്ചുകൊണ്ടും മണൽ ലഭ്യമായ പഞ്ചായത്തുകളിൽ നിന്നും വർഷംതോറും എടുക്കുവാനുള്ള മണലിന്റെ അളവ് നിശ്ചയിച്ചുകൊണ്ടും ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മൂന്ന് വർഷം കഴിഞ്ഞ് നദികളുടെ മണൽ ഓഡിറ്റ് വീണ്ടും നടത്തുന്നതാണ്. അപ്പോഴത്തെ പഠനത്തിന്റെ

അടിസ്ഥാനത്തിൽ മാത്രമേ ഖനനം ചെയ്യാവുന്ന മണലിന്റെ അളവ് പുതുക്കി നിശ്ചയിക്കുവാൻ കഴിയുകയുള്ളൂ. നിലവിലെ ഓഡിറ്റ് റിപ്പോർട്ടിൽ ഖനനം നടത്തുവാൻ മണൽ ലഭ്യമാണെന്ന് കണ്ടെത്തിയിട്ടുള്ള കടവുകളിൽനിന്ന് മാത്രം ഖനനം നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ചാലിയാറിന്റെ ഇരുകരകളിലുമുള്ള പഞ്ചായത്തുകളിൽ വാഴക്കാട് പഞ്ചായത്തിനെ മാത്രം ഉൾപ്പെടുത്തി കൊടിയത്തൂർ, ചാത്തമംഗലം, മാവൂർ, പെരുവയൽ, രാമനാട്ടുകര, ഫറോക്ക്, ചെറുവണ്ണൂർ പഞ്ചായത്തുകളിലെ കടവുകളെ ഒഴിവാക്കിയത്. അനിയന്ത്രിതമായ മണലൂറ്റ് മൂലം നദികളുടെ പാരിസ്ഥിതിക ജൈവവ്യവസ്ഥ തകരാറിലാകുകയും ആത്യന്തികമായി ഇതുമൂലം പുഴയുടെ നിലനിൽപ്പുതന്നെ അപകടത്തിലാകുകയും ചെയ്യുന്ന സ്ഥിതിവിശേഷം ഒഴിവാക്കുന്നതിനായാണ് ഇക്കാര്യത്തിൽ നടപടിക്രമങ്ങൾ അനുവർത്തിച്ചിട്ടുള്ളത്. ഒരുകാലത്ത് ജലസമൃദ്ധമായ നദികൾ പലതും അനിയന്ത്രിതമായ മണലൂറ്റും അനുബന്ധ പ്രവർത്തനങ്ങളും മൂലം ശുഷ്കമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ശാസ്ത്രീയമായ മാർഗ്ഗങ്ങളിലൂടെ നദികളെ പരിപാലിക്കേണ്ടത് അനിവാര്യമാണ്. വിഷയത്തിന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതിയും നാഷണൽ ഗ്രീൻ ട്രൈബ്യൂണലും കർശനമായ നിലപാടും

സ്വീകരിക്കുന്ന സാഹചര്യത്തിൽ മേൽ സമീപനം തികച്ചും പ്രസ്താവ്യമാണ്. ജീവിത വൃദ്ധിക്കായി മണലൂറ്റുന്നത് തൊഴിലാക്കിമാറ്റിയ തൊഴിലാളികളുടെ വിഷയം സഹതാപാർഹവും പരിഗണനാർഹമാണെങ്കിലും മേൽ സാഹചര്യത്തിൽ നദികളെയും അതുവഴി പരിസ്ഥിതിയെയും സംരക്ഷിക്കുന്നതിൽ കർശന നിലപാടുകൾ സ്വീകരിക്കേണ്ടിവരുന്നു. പ്രസ്തുത തൊഴിലാളികളെ പ്രതിസന്ധിയിൽ നിന്നും ശാശ്വതമായി കരകയറ്റാനായി മറ്റ് മേഖലകളിൽ തൊഴിൽ കണ്ടെത്താൻ പ്രേരിപ്പിക്കേണ്ടതുമുണ്ട്. തൊഴിലാളികളുടെ പരിതാപകരമായ അവസ്ഥയ്ക്ക് വിശേഷ ദിവസങ്ങളിൽ സമാശ്വാസം പകരുന്നതിനായി സൗജന്യ റേഷൻ നൽകുന്ന കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ആവശ്യപ്പെട്ടിട്ടുള്ളത്. ഇപ്പോൾ അത് പരിഗണനയിൽ ഇല്ലായെങ്കിൽപ്പോലും അതേക്കുറിച്ച് പിന്നീട് ക്യാബിനറ്റിലും മറ്റും ആലോചന നടത്തേണ്ടതാണ്. ഇത് ഒരു മേഖലയിൽ മാത്രമല്ലായെന്നുള്ളതുകൊണ്ട് മറ്റ് മേഖലകളിലും ഇത്തരം പ്രശ്നങ്ങൾ ഉയർന്നുവരുമെന്നതിന്റെ അടിസ്ഥാനത്തിൽ കൂടിയാലോചിച്ചതിനുശേഷം മാത്രമേ സൗജന്യ റേഷന്റെ കാര്യങ്ങൾ ഇവിടെ പറയാൻ കഴിയുകയുള്ളൂ.

## പട്ടയം ലഭ്യമാക്കൽ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, പൊന്നാനി മണ്ഡലത്തിലെ ഭാരതപ്പുഴയുടെ

തീരത്ത് ഈശ്വരമംഗലം പുഴപുറമ്പോക്കിൽ കഴിഞ്ഞ 40 വർഷത്തിലധികമായി താമസിക്കുന്ന 100 കുടുംബങ്ങൾക്ക് ഇതുവരെയും പട്ടയം ലഭിക്കാത്ത പ്രശ്നം അവരെ വളരെ പ്രയാസപ്പെടുത്തിയിരിക്കുകയാണ്. പുഴയിൽനിന്ന് മാറി കരഭാഗത്തുള്ള പുറമ്പോക്ക് ഭൂമിയിലാണ് ഇവർ താമസിക്കുന്നത്. താമസിക്കുന്ന പ്രദേശവും പുഴയും തമ്മിൽ വേർതിരിക്കുന്ന രീതിയിൽ പുതിയൊരു റോഡ് വന്നിട്ടുണ്ട്. കർമ്മ റോഡ് പ്രസിദ്ധമായ റോഡാണ്. സ്വന്തമായി സ്ഥലം വാങ്ങുന്നതിനോ വീട് വയ്ക്കുന്നതിനോ ഒട്ടും ശേഷിയില്ലാത്ത, സമൂഹത്തിൽ ഒറ്റപ്പെട്ടുപോയ ദരിദ്രവിഭാഗങ്ങളാണ് അവിടെ താമസിക്കുന്നത്. റവന്യൂ വകുപ്പ് ഇവർക്ക് കൈവശസർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ട്. റേഷൻ കാർഡും ഇലക്ട്രിസിറ്റി കണക്ഷനുമെല്ലാമുള്ള ഇവർക്ക് താമസിക്കുന്ന ഭൂമിക്ക് പട്ടയം അനുവദിക്കുന്നതുകൊണ്ട് പുഴയുടെ ഒഴുക്കിനോ നിലനിൽപ്പിനോ ഒട്ടും തടസ്സങ്ങൾ ഉണ്ടാകുന്നില്ല. തീർത്തും കരഭാഗങ്ങളിൽ താമസിക്കുന്ന ഇവർക്കുവേണ്ടി പുതിയ ഭൂമി കണ്ടെത്തുന്നതിന്, ഭൂമി കണ്ടെത്താൻ വളരെയധികം പ്രയാസപ്പെടുന്ന ഈ സാഹചര്യത്തിൽ അത് പ്രായോഗികവുമല്ല. അതുകൊണ്ട് നാല് പതിറ്റാണ്ടായി സ്ഥിരതാമസമുള്ള ഭൂമിതന്നെ അവർക്ക് പതിച്ചുനൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവ പ്രകാരം ജലാശയങ്ങൾ, ജലസ്രോതസ്സുകൾ തുടങ്ങിയവയും അവയുമായി ചേർന്നു വരുന്ന ഭൂമിയും പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും നിക്ഷിപ്തമായിരിക്കുന്നുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ ചട്ടം 218(1), കേരള മുനിസിപ്പാലിറ്റി ആക്ടിലെ ചട്ടം 208(എ)(i) എന്നിവ പ്രകാരം പഞ്ചായത്തിലും നഗരസഭയിലും നിക്ഷിപ്തമായ ജലസ്രോതസ്സുമായി ബന്ധപ്പെട്ട പുറമ്പോക്ക് ഭൂമി പതിച്ചുനൽകുന്ന ആവശ്യത്തിലേയ്ക്ക് സർക്കാരിൽ പുനർനിക്ഷിപ്തമാക്കുന്നതിന് വ്യവസ്ഥയില്ല. പുഴപുറമ്പോക്ക് ഭൂമി പതിച്ചുനൽകരുതെന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെയും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയും വിധിന്യായങ്ങൾ നിലവിലുള്ളതിനാൽ പൊന്നാനി ഈശ്വരമംഗലത്തെ പുഴപുറമ്പോക്കിൽ 40 വർഷത്തിലധികമായി താമസിക്കുന്ന കുടുബങ്ങൾക്ക് പട്ടയം നൽകുന്ന കാര്യത്തിൽ അല്പം പ്രശ്നങ്ങളുണ്ടെങ്കിൽപോലും ബഹുമാനപ്പെട്ട അംഗം ശ്രീ. പി. ശ്രീരാമകൃഷ്ണൻ വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്. ഞാൻ തന്നെ റവന്യൂ സർവ്വേ അദാലത്ത് നടത്തിയ വേളയിൽ കേരളത്തിലെ 14 ജില്ലകളിലും എത്തുന്ന അവസരത്തിൽ ഇതുപോലെ ഒട്ടനവധി പരാതികളുമായി നിരവധി ആളുകൾ വരികയുണ്ടായി. ആ

പരാതികളുടെ അടിസ്ഥാനത്തിൽ ഇതിനൊരു പരിഹാര മാർഗ്ഗം കണ്ടെത്തുന്നതിനായി അന്ന് ഞാനും ബഹുമാനപ്പെട്ട പഞ്ചായത്തും സാമൂഹ്യനീതി വകുപ്പുമന്ത്രിയുമായി ചർച്ച നടത്തുകയുണ്ടായി. ആ ചർച്ചയുടെ അടിസ്ഥാനത്തിൽ റവന്യൂ സെക്രട്ടറിയും പഞ്ചായത്ത് സെക്രട്ടറിയും നിയമ വകുപ്പ് സെക്രട്ടറിയുമടങ്ങുന്ന ഒരു സമിതിയെ നിശ്ചയിച്ചിട്ടുണ്ട്. ഇതിന് അനുകൂലമായ ഒരു റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തീർച്ചയായും ഇവർക്ക് പട്ടയം കൊടുക്കണമെന്ന അഭിപ്രായം തന്നെയാണ് എനിക്കുള്ളത്. വർഷങ്ങൾകൊണ്ട് അവിടെ താമസിക്കുകയും പഞ്ചായത്ത് ആ വീടിന് നമ്പർ ഇട്ടുകൊടുക്കുകയും വൈദ്യുതി കണക്ഷൻ എടുക്കുകയും റേഷൻ കാർഡ് എടുക്കുകയും ചെയ്തിട്ടുള്ള ആളുകൾ എന്ന നിലയിൽ അവർക്ക് മറ്റിടങ്ങളിൽ ഭൂമി കണ്ടെത്തിക്കൊടുക്കുക എന്നുപറയുന്നത് ഏറ്റവും ബുദ്ധിമുട്ടുള്ള ഒരു കാര്യമാണെന്നുള്ളതുകൊണ്ട് ഇന്നുള്ള വ്യവസ്ഥകൾക്ക്, അതായത് പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾക്ക് ചില മാറ്റങ്ങൾ ഉണ്ടാക്കുന്ന കാര്യത്തെക്കുറിച്ച് ഞങ്ങൾ ആലോചിക്കുന്നുണ്ട്. ഇമ്മീഡിയറ്റായി 100 പേർക്ക് പട്ടയം കൊടുക്കുമെന്ന് ഞാൻ പറയുന്നില്ലെങ്കിൽപോലും ഇവരെക്കൂടി ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിഗണിക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

റോഡ് പുനരുദ്ധാരണം

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: സർ, വാമനപുരം നിയോജകമണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട 22 കിലോമീറ്റർ ദൈർഘ്യമുള്ള വി.സി. റോഡ് എന്നറിയപ്പെടുന്ന വാമനപുരം - ചിറ്റാർ റോഡ് കഴിഞ്ഞ നാല് വർഷമായി വളരെ മോശമായ രീതിയിലാണ്. നിലമേൽ കോളേജിലെ ജീവനക്കാരനായ ഒരു ലീഗുകാരന്റെ ഫേസ്ബുക്കിൽ കോലിയക്കോട് കൃഷ്ണൻനായരുടെ റോഡ് കുളമായെന്ന് പറഞ്ഞ് ഒരു പടമിട്ടിരിക്കുകയാണ്. അവിടുത്തെ പി.ഡി.പി.ക്കാരും ലീഗുകാരും ചേർന്ന് എന്റെ കോലം കത്തിച്ചു. മന്ത്രിയുടെ കോലമല്ല, എന്റെ കോലമാണ് കത്തിച്ചത്. ഈ റോഡ് ശരിയാക്കണമെന്ന് പറഞ്ഞ് 14 തവണയാണ് ഞാൻ മന്ത്രിക്ക് പെറ്റീഷൻ അയച്ചത്. എന്റെ കയ്യിൽ റിക്കാർഡുണ്ട്. മൂന്ന് പെറ്റീഷൻ ചീഫ് എഞ്ചിനീയർക്ക് അയച്ചു. ഒരു പെറ്റീഷൻ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിക്കും അയച്ചു. ഒന്നും ചെയ്യാതെ എന്നെ മാത്രം ക്രൂശിക്കുന്ന രീതിയിൽ അണികളെ ഇളക്കിവിടുന്ന, മന്ത്രിയുടെ ആളല്ല ഈ കോലം കത്തിച്ചതെന്ന് പറഞ്ഞാൽ ഞാൻ നിർത്തിത്തരാം അത്. അതിനുള്ള ചങ്കുറ്റമുണ്ട്. അങ്ങനെയൊരു എം.എൽ.എ.യാണ് അവിടെയുള്ളത്. എന്നെ എന്തിനാണ് ആളുകളെക്കൊണ്ട് ചീത്തവിളിപ്പിക്കുന്നത്;

വളരെ മോശമായ രീതിയിൽ റോഡ് കുളമായെന്ന് ഫേസ്ബുക്കിൽ വരെ നിലമേൽ കോളേജിലെ ജീവനക്കാരനായ ഒരു ലീഗുകാരൻ ഇട്ടിരിക്കുകയാണ്. ഏതെങ്കിലും രീതിയിൽ അടിയന്തരമായി ആ റോഡ് ബി.എം. ആന്റ് ബി.സി.-യിൽ ചെയ്തുതരാനുള്ള ഏർപ്പാടുണ്ടാക്കണം. അല്ലെങ്കിൽ വളരെ മോശമായ രീതിയിൽചെന്ന് അത് അവസാനിക്കുമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ പല അവസരങ്ങളിലും വാമനപുരം - ചിറ്റാർ റോഡിന്റെ പുനരുദ്ധാരണം ആവശ്യപ്പെട്ടിട്ടുണ്ട്. 314.5 ലക്ഷം രൂപ ചെലവഴിച്ച് 18 പ്രവൃത്തികൾ ആ റോഡിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം ചെയ്തിട്ടുണ്ട്. അത് കംപ്ലീറ്റ് ബി.എം. ആന്റ് ബി.സി. ചെയ്യണം. ആ റോഡിലെ വർദ്ധിച്ച ഗതാഗതവും ആ റോഡിന്റെ അവസ്ഥയും പരിഗണിക്കുമ്പോൾ അത് ബി.എം. ആന്റ് ബി.സി. ചെയ്യണമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ബി.എം. ആന്റ് ബി.സി. ചെയ്യാനുള്ള എസ്റ്റിമേറ്റ് എടുത്തിട്ടുണ്ട്. ആ പ്രവൃത്തിക്ക് ഭരണാനുമതി കൊടുക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. കഴിയുന്നത്ര വേഗം അതിനുള്ള ഭരണാനുമതി കൊടുക്കുന്നതാണ്.

ഫിഷിംഗ് ഹാർബർ

ശ്രീ. ആർ. സെൽവരാജ്: സർ, കേരളത്തിന്റെ തെക്കേ അറ്റത്തെ കടലോര മേഖല നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പൊഴിയൂർ പ്രദേശമാണ്. ഇത് തമിഴ്നാട്ടിലെയും കേരളത്തിലെയും അനവധി മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനുവേണ്ടി വന്നുചേരുന്നൊരു പ്രദേശവും ഏറ്റവും ആഴം കൂടിയ ഒരു കടലോര മേഖലയുമാണ്. അതുമാത്രവുമല്ല, കുളച്ചലുമായി ബന്ധപ്പെടുന്ന അനന്തവിക്ടോറിയ മാർത്താണ്ഡൻ കനാൽ ഇവിടെ നിന്നാണ് ഉത്ഭവിക്കുന്നത്. അതുപോലെതന്നെ നെയ്യാർ ഒഴുകിയെത്തുന്ന അറേബ്യൻ കടലിന്റെ തീരം പൊഴിയൂർ പ്രദേശത്താണ്. അങ്ങനെ വളരെയേറെ പ്രാധാന്യമുള്ള, അനവധി മത്സ്യത്തൊഴിലാളി കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന, മത്സ്യബന്ധനം നടത്തി ഉപജീവന മാർഗ്ഗം കഴിക്കുന്ന ഈ പ്രദേശത്ത് ഒരു മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം എന്നുള്ളതാണ് എന്റെ സബ്മിഷൻ.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, കുളത്തൂർ ഗ്രാമപഞ്ചായത്തിൽപ്പെടുന്ന പൊഴിയൂർ പരുത്തിയൂർ പ്രദേശത്തെ മത്സ്യത്തൊഴിലാളികളുടെ ആവശ്യാർത്ഥം ഒരു മത്സ്യബന്ധന തുറമുഖം

നിർമ്മിക്കുന്നതിനാവശ്യമായ അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾക്കായി 63 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ഏകദേശം 600-ഓളം പരമ്പരാഗത മത്സ്യബന്ധന ബോട്ടുകളും ആയിരത്തോളം യന്ത്രവൽകൃത ബോട്ടുകളും ഈ ഭാഗത്ത് മത്സ്യബന്ധനം നടത്തിവരുന്നുണ്ട്. വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിൽ നിന്നും 20 കിലോമീറ്റർ അകലെയായി പൊഴിയൂരിൽ ഒരു മത്സ്യബന്ധന തുറമുഖ നിർമ്മാണം പൂർത്തിയാകുമ്പോൾ പൊഴിയൂർ, പരുത്തിയൂർ, പൂവാർ, കരംകുളം, കൊച്ചുതുറ, പുതിയതുറ, പള്ളം, പുല്ലുവിള, നീരോടി, മാർത്താണ്ഡൻതുറ, വള്ളവിള എന്നീ പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭിക്കും. ഇവിടെ മത്സ്യബന്ധന തുറമുഖം വരുന്നതോടുകൂടി വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്ത് ഇനുള്ള തിരക്ക് ഒരു പരിധിവരെ കുറയ്ക്കാനും പ്രയോജനപ്പെടും. പ്രദേശത്തെ മത്സ്യത്തൊഴിലാളികളുടെ നിരന്തരമായ ഈ ആവശ്യം എം.എൽ.എ. ഉന്നയിച്ചത് തീർച്ചയായും അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്. ഉടൻതന്നെ തുറമുഖ നിർമ്മാണത്തിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി 63 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതാണ്. ഈ പ്രദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് സഹായകരമായ വിധത്തിൽ തീരദേശ വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ ഏകദേശം ഒരു

കോടി രൂപ ചെലവുവരുന്ന ഒരു ഫിഷ് ലാന്റിംഗ് സെന്റർ സമീപകാലത്ത് നിർമ്മാണം ആരംഭിച്ച് പൂർത്തിയാക്കുകയുണ്ടായി. പക്ഷേ അവിടത്തെ മത്സ്യത്തൊഴിലാളികളുടെ എണ്ണം പരിഗണിച്ചുകൊണ്ട് ഒരു ഹാർബർ തന്നെ ആവശ്യമാണ് എന്നുള്ള മെമ്പറുടെ അഭിപ്രായത്തോട് പൂർണ്ണമായും യോജിക്കുന്നു. അതിനുള്ള പ്രാരംഭ നടപടികൾ ഉടനെ സ്വീകരിക്കുന്നതാണ്.

ഭരണാനുമതി

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, എന്റെ മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട രണ്ട് പ്രശ്നങ്ങളാണ് ഉന്നയിക്കുന്നത്. ഓയൂർ-ഇത്തിക്കര റോഡിന്റെ ആദ്യത്തെ ഫേസ് 5 കിലോമീറ്റർ ബി.എം. & ബി.സി.-യിൽ ചെയ്തതാണ്. എന്നാൽ അതിന്റെ തുടർച്ചയായിട്ടുള്ള സെക്കന്റ് ഫേസിനുവേണ്ട സ്ഥലമാണ് ഇപ്പോൾ ആ റോഡിൽ ഏറ്റവും മോശം സ്ഥിതിയിലുള്ളത്. നിലവിൽ അവിടെ വാഹനം ഓടിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. അതിന്റെ സെക്കന്റ് ഫേസ് പൂർത്തിയാക്കി ഇപ്പോഴത്തെ പ്രശ്നം പരിഹരിക്കുന്നതി നാവശ്യമായ നടപടി സ്വീകരിക്കണമെന്നുള്ളതാണ്.

രണ്ടാമതായി പറയാനുള്ളത്, പെരപ്പയം പാലത്തിനെക്കുറിച്ചാണ്. നബാർഡിന്റെ സഹായത്തോടുകൂടി പണിയുന്ന പെരപ്പയം പാലം രണ്ട്

പഞ്ചായത്തുകളെ തന്നിൽ ബന്ധിപ്പിക്കുന്നതും 12 കിലോമീറ്റർ ദൂരം അക്കരെയിക്കരെയുള്ളവർക്ക് എളുപ്പം കിട്ടുന്നതുമായ ഒരു പാലമാണ്. ആ പാലത്തിന്റെ പ്രവർത്തനം (ഭരണപരമായ നടപടിക്രമങ്ങൾ) പൂർത്തിയായിരിക്കുമ്പോൾ ടെണ്ടർ നടപടി സ്വീകരിച്ച് അതിന്റെ പണി തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. അടുത്തയാഴ്ച ഇതുമായി ബന്ധപ്പെട്ട് അവിടെയുള്ള വകുപ്പ് ഉദ്യോഗസ്ഥൻമാരുടെ ഒരു യോഗം അങ്ങയുടെ ഓഫീൽത്തന്നെ വിളിക്കാനുള്ള ഒരു സൗകര്യം കൂടി ഉണ്ടാക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, കൊല്ലം ജില്ലയിലെ പ്രധാനപ്പെട്ട ഒരു റോഡാണ് 24 കിലോമീറ്റർ ദൈർഘ്യമുള്ള ആയൂർ-ഇത്തിക്കര റോഡ്. ഇതിൽ ഇലവംമൂട് മുതൽ ഓയൂർ വരെയുള്ള റോഡ് ബി.എം. & ബി.സി. രീതിയിൽ നവീകരിക്കുന്നതിനായി 13.85 കോടി രൂപയ്ക്ക് ഭരണാനുമതി നൽകാനുള്ള ഒരു പ്രൊപ്പോസലുണ്ട്. ഇതിന്റെ ആദ്യ ഘട്ടം ബി.എം. & ബി.സി. ചെയ്തിട്ടുണ്ട്. രണ്ടാമത്തെ ഘട്ടം തീർച്ചയായിട്ടും ഈ സാമ്പത്തിക വർഷം തന്നെ ഭരണാനുമതി കൊടുക്കാനുള്ള നടപടി സ്വീകരിക്കും. ചടയമംഗലം മണ്ഡലത്തിലെ പെരപ്പയം പാലം നിർമ്മാണത്തിന് നബാർഡിൽ അതിനുള്ള ഭരണാനുമതി നൽകിക്കഴിഞ്ഞിരിക്കുന്നു. ഇതിന്റെ ടി.എസ്. കമ്മിറ്റി അത്

പരിഗണിക്കുകയും പാലത്തിന്റെ കോൺക്രീറ്റിംഗിന്റെ മിക്സ് ഡിസൈനിൽ മാറ്റം വരുത്തി സാങ്കേതിക അനുമതി നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. മിക്സ് ഡിസൈനിൽ ആവശ്യമായ മാറ്റം ചീഫ് എഞ്ചിനീയർ (ഡിസൈൻ)-ൽ നിന്നും വാങ്ങി രണ്ട് ദിവസത്തിനുള്ളിൽ ടി.എസ്. നൽകുന്നതാണ്.

പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ

ശ്രീ. കെ. കെ. നാരായണൻ: സർ, കണ്ണൂർ-കൂത്തുപറമ്പ് റോഡിൽ, പ്രത്യേകിച്ച് മലയോര ഹൈവേയിൽ ഏറ്റവും പ്രധാനപ്പെട്ട പാലമാണ് മമ്പറം പാലം. അതിന്റെ ഒരു ഭാഗം അടർന്നുവീണ് പാലം അപകടത്തിലാണ് എന്നു കണ്ടെത്തി പുതിയ പാലം പണിയാൻ 5 വർഷം മുൻപ് എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്തു, ഈ ഗവൺമെന്റ് വന്നപ്പോൾ തറക്കല്ലിട്ടു, പണിയാരംഭിച്ചു. അതുപോലെ വേങ്ങാട് പഞ്ചായത്തും മട്ടന്നൂർ മുനിസിപ്പാലിറ്റിയും ചേരുന്ന മണക്കായിക്കടവ് പാലത്തിന്റെയും പണിയാരംഭിച്ചു. രണ്ട് പാലത്തിന്റെയും അപ്രോച്ച് റോഡിന്റെ സ്ഥലം ഏറ്റെടുത്തില്ല എന്ന കാരണം പറഞ്ഞ് രണ്ട് വർഷം മുൻപ് പണി നിർത്തി വച്ചു. പിന്നീട് ഈ പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയൊന്നും നടക്കുന്നില്ല. ഏറ്റവും അപകടകരമായ അവസ്ഥയിൽ നിൽക്കുന്ന ഈ പാലം പുതുക്കി പണിയാൻ ഒരു നടപടിയും പിന്നെ സ്വീകരിക്കുന്നതായി കാണുന്നില്ല.

ഇതുസംബന്ധിച്ച് നാട്ടിൽ വലിയ ആക്ഷേപം  ഉയർന്നുവരികയാണ്. അതുകൊണ്ട് ഈ രണ്ട് പാലത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പ് മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ധർമ്മടം മണ്ഡലത്തിലെ മമ്പുറം പാലം നിർമ്മാണത്തിന് നബാർഡ് 16 പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നെങ്കിലും ആവശ്യമായ ഭൂമി കിട്ടാത്തതുകൊണ്ട് തുടർനടപടി സ്വീകരിക്കാൻ സാധിച്ചില്ല. ഇപ്പോൾ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് പാലം നിർമ്മാണത്തിന് പുതുക്കിയ ഭരണാനമതി കൊടുക്കുന്നതാണ്. മണക്കായിക്കടവ് പാലത്തിന്റെ നിർമ്മാണത്തിന് 2009-ൽ ഭരണാനുമതി നൽകിയിരുന്നു. 13-12-2011-ൽ പ്രവൃത്തി ആരംഭിച്ച് മണക്കായി ഭാഗത്തെ ഒരു അബെറ്റ്മെന്റ് പൂർത്തീകരിക്കുകയും ചെയ്തു. എന്നാൽ മട്ടന്നൂർ ഭാഗത്തെ അബെറ്റ്മെന്റ് നിർമ്മാണത്തിന് മുനിസിപ്പാലിറ്റി ഏറ്റെടുത്ത് നൽകാമെന്ന് സമ്മതിച്ചിരുന്ന ഭൂമി ലഭിച്ചില്ല. അതുകൊണ്ട് കരാറുകാരന് പ്രവൃത്തി തുടങ്ങാൻ കഴിഞ്ഞില്ല. 12-03-2014-ൽ ഈ പ്രവൃത്തിയിൽനിന്നും കരാറുകാരനെ നിരുപാധികം

ഒഴിവാക്കിയിട്ടുണ്ട്. ഇപ്പോൾ മട്ടന്നൂർ മുനിസിപ്പാലിറ്റി പാലം നിർമ്മാണത്തിന് ആവശ്യമായ സ്ഥലം കൈമാറിയിട്ടുണ്ട്. അതിനാൽ ബാക്കി പ്രവൃത്തികൾ ചെയ്യുന്നതിന് പഴയ പ്രവൃത്തിയുടെ അതേ നിരക്കിൽ തയ്യാറാക്കിയ അടങ്കലിന് ചീഫ് എഞ്ചിനീയർ അംഗീകാരം നൽകിക്കഴിഞ്ഞു. പ്രസ്തുത പ്രവൃത്തി ഒരാഴ്ചക്കുള്ളിൽ ടെണ്ടർ ചെയ്ത് പണി പൂർത്തീകരിക്കാവുന്നതാണ്.

## പാലങ്ങളുടെ പുനർനിർമ്മാണം

ശ്രീ. സി. കെ. നാണു: സർ, വടകര-കൊയിലാണ്ടി നിയോജക മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പഴയ എൻ.എച്ച്.-ലെ മൂരാട് പാലം വളരെ പഴക്കം ചെന്നതാണ്. ബ്രിട്ടീഷ് ഗവൺമെന്റിന്റെ കാലത്ത് എടുത്തിരുന്ന ആ പാലത്തിന്റെ കാലാവധി കഴിഞ്ഞിട്ടുതന്നെ വർഷങ്ങളായി. ഈ പാലത്തിലൂടെ യാണ് വലിയ കണ്ടെയ്നർ ലോറികളൊക്കെ പോകുന്നത്. സ്ഥലം എടുത്തിട്ടുണ്ട്, അവിടെ അപകടങ്ങൾക്ക് സാധ്യതയുമുണ്ട്. ഇപ്പോൾ ഭാഗ്യത്തിന് ഒരു അപകടവും ഇല്ലാതിരിക്കുകയാണ്. ആ പാലം പുതുക്കി പണിയാൻ ആവശ്യമായ നടപടി ആരംഭിക്കണം.

അതുപോലെ ആ റോഡിൽത്തന്നെ അതുകഴിഞ്ഞ് വടക്കോട്ട് വരുമ്പോൾ എൻ.എച്ച്. 47-ൽ തന്നെയാണ് പാലോളി പാലവും കരിമ്പന പാലവും. അത് ഒരു

കിലോമീറ്ററിന് അകത്തുള്ളതാണ്. നാഷണൽ ഹൈവേയിലെ ഈ രണ്ട് പാലത്തിന്റെയും ഇരുസൈഡിലേയും കൈവരികളൊക്കെ തകർന്ന് പലപ്പോഴും രാത്രി വരുന്ന ലോറികൾ അപകടത്തിൽപ്പെട്ട് പല ആളുകൾക്കും അപകടം സംഭവിക്കുകയും മരണപ്പെടുകയുമുണ്ടായിട്ടുണ്ട്. വടകര മുനിസിപ്പാലിറ്റി ചെയർമാനും മറ്റെല്ലാവരും കൂടി അവിടെ വലിയ സമരങ്ങളും റോഡ് തടയാനുള്ള ശ്രമങ്ങളും നടത്തുന്നുണ്ട്. ഇത് സ്ഥിതി ചെയ്യുന്നത് കടകളൊക്കെയുള്ള സ്ഥലത്താണ്. ഇത് വളരെ അപകടകരമാണ്. നാഷണൽ ഹൈവേയുടെ ഉദ്യോഗസ്ഥർ തന്നെ വളരെ ബുദ്ധിമുട്ടിയാണ് രണ്ട് സൈഡും തകരുന്ന അവസരത്തിൽ ഇടയ്ക്കിടക്ക് വന്ന് മാറ്റി അവരുടെ സിഗ്നൽ വയ്ക്കുന്നത്. അതുകൊണ്ട് കരിമ്പന പാലത്തിന്റെയും പാലോളി പാലത്തിന്റെയും പ്രശ്നം അടിയന്തരമായി പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, എൻ.എച്ച് 17-ലെ മൂരാട് പാലം വളരെ പഴക്കം ചെന്നതാണെങ്കിലും, അതിന് ഘടനാപരമായി യാതൊരു തകരാറുമില്ല. വീതി കുറവായതിനാൽ ഗതാഗതക്കുരുക്ക് അനുഭവപ്പെടുകയാണ്. എൻ.എച്ച് -17 നാലുവരിപ്പാതയാക്കി വികസിപ്പിക്കുമ്പോൾ നിലവിലുള്ള ഈ പാലം നിലനിർത്തിക്കൊണ്ടു തന്നെ സമാന്തരമായി പുതിയ പാലം

നിർമ്മിക്കും. എൻ.എച്ച്.-17 ലെ കരിമ്പന പാലം, പാലോളി പാലം എന്നിവ പുതുക്കിപ്പണിയുന്നതിന് യഥാക്രമം 42.2 കോടി രൂപയുടേയും 20.76 കോടി രൂപയുടേയും എസ്റ്റിമേറ്റ് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. അതിന്റെ അനുമതിക്കായുള്ള സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്, അത് ലഭിക്കും എന്നുള്ള പ്രതീക്ഷയാണ് ഉള്ളത്. റോഡ് സേഫ്റ്റിയിൽ ഉൾപ്പെടുത്തി പാലോളി പാലത്തിന്റെ കൈവരി പുതുക്കിപ്പണിയുന്നതിന് 1,40,000/- രൂപയുടെ ഭരണാനുമതി കൊടുത്തിട്ടുണ്ട്, ടെണ്ടർ പൂർത്തിയായി നിർമ്മാണപ്രവൃത്തി ഉടനെ ആരംഭിക്കുന്നതാണ്.

<u>പട്ടിക വർഗ്ഗകോളനികളിലെ പ്രശ്നങ്ങൾ</u>

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: സർ, ആദിവാസികളുടെ വിവിധ ജീവിതപ്രശ്ന ങ്ങളാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ചാലക്കുടി മണ്ഡലത്തിൽപ്പെട്ട വിവിധ ആദിവാസി കോളനി നിവാസികൾക്ക് കൃഷിക്കും, വീടുവയ്ക്കുന്നതിനും ആവശ്യമായ ഭൂമി നൽകുന്നതിനുള്ള നടപടികൾ ഇനിയും പൂർത്തീകരിച്ചിട്ടില്ല. വാച്ചുമരം, വാഴച്ചാൽ, ഷോളയാർ, പിള്ളപ്പാറ, ആനക്കയം, മുക്കംപുഴ തുടങ്ങി അതിരപ്പിള്ളി പഞ്ചായത്തിലെ പട്ടികവർഗ്ഗ കോളനികളിലേയും, കോടശ്ശേരി പഞ്ചായത്തിലെ രണ്ടുകൈ, മാരാങ്കോട് തുടങ്ങിയ പട്ടികവർഗ്ഗ

കോളനികളിലേയും ആദിവാസി വിഭാഗങ്ങൾക്ക് വനാവകാശ നിയമപ്രകാരമുള്ള ഭൂമി നൽകുന്നതിനുള്ള നടപടികൾ അടിയന്തരമായി പൂർത്തീകരിക്കണം. മലക്കപ്പാറയിലെ ട്രൈബൽ വകുപ്പിനു കീഴിലുള്ള ആരോഗ്യകേന്ദ്രത്തിലെ ഡോക്ടർമാർക്കും മറ്റ് സ്റ്റാഫ് അംഗങ്ങൾക്കും വളരെ തുച്ഛമായ തുകയാണ് ശമ്പളമായി നൽകിവരുന്നത്. അത് കാലാനുസൃതമായി പരിഷ്കരിച്ച് നൽകിയില്ലെങ്കിൽ പ്രസ്തുതമേഖലയിലെ നിവാസികൾക്കുള്ള ഏക ചികിത്സാ സൗകര്യവും ഇല്ലാതാകും. ഈ ആരോഗ്യകേന്ദ്രത്തിൽ ആവശ്യത്തിന് മരുന്നുകളില്ലാത്ത പ്രശ്നവും നിലനിൽക്കുന്നുണ്ട്. അരേക്കാപ്പ്, വെട്ടിവിട്ടകാട് എന്നീ കോളനികൾ ഒഴികെയുള്ള മറ്റ് എല്ലാ ആദിവാസി കോളനികളിലും വൈദ്യുതീകരണം നടത്തിയെങ്കിലും വന മേഖലയിലെ പ്രത്യേക സാഹചര്യം നിമിത്തവും, മരങ്ങൾ വീഴുന്നതും മറ്റു കാരണങ്ങൾ കൊണ്ടും വൈദ്യുതി ആഴ്ചകളോളം മുടങ്ങുകയും, പകുതി ദിവസങ്ങളെങ്കിലും വൈദ്യുതി ഇല്ലാതെ ഇരുട്ടിൽ കഴിയേണ്ട അവസ്ഥയുമുണ്ട്. വൈദ്യുതീകരണം കഴിഞ്ഞ കോളനികളിൽ നേരത്തേ ലഭിച്ചിരുന്ന മണ്ണെണ്ണയുടെ അളവ് വെട്ടിക്കുറച്ചിരിക്കുകയാണ്. കാട്ടാനകളുടെ നിരന്തരമായ ശല്യമുള്ള പ്രസ്തുത മേഖലകളിൽ ഇതുമൂലം വലിയ വിഷമതകൾ അനുഭവിക്കുകയാണ്. മണ്ണെണ്ണ നേരത്തേ ലഭിച്ചിരുന്ന അളവിൽ തുടർന്ന് ലഭിക്കുവാൻ നടപടി സ്വീകരിക്കുകയും

ഇവിടങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ, സൗരോർജ്ജ വേലി എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കണം. ഈ മേഖലയിലെ ഏക പട്ടികവർഗ്ഗ സഹകരണ സ്ഥാപനമായ ഷോളയാർ പട്ടികവർഗ്ഗ സഹകരണ സംഘം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. ജീവനക്കാരുടെ ശമ്പളം, പെൻഷൻ, വനവിഭവങ്ങളുടെ ശേഖരണം, വിതരണം എന്നിവയ്ക്കുപോലും പണമില്ലാതെ വിഷമിക്കുന്ന പ്രസ്തുത സംഘത്തിനെ സഹായിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കണം. ചാലക്കുടി ഈസ്റ്റ് ഗേൾസ് ഹൈസ്കൂളിന്റെ സ്ഥലത്ത് നിലവിൽ പരിമിതമായ സൗകര്യങ്ങളോടെ യാണ് പട്ടികവർഗ്ഗ പെൺകുട്ടികളുടെ ഹോസ്റ്റൽ പ്രവർത്തിക്കുന്നത്. അതിന് പകരമായി കൂടുതൽ സൗകര്യങ്ങളോടുകൂടി പുതിയ ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കേണ്ടതുണ്ട്. എസ്.റ്റി. വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് ചികിത്സയ്ക്കായി വിവിധ ആശുപത്രികൾക്ക് നൽകേണ്ട തുക മാസങ്ങളായി കുടിശ്ശിക ആയിരിക്കുകയാണ്. ഇതുമൂലം ആദിവാസി വിഭാഗങ്ങളിൽപ്പെട്ട രോഗികൾക്ക് ചികിത്സ നിഷേധിക്കുന്ന അവസ്ഥയാണ് ഉള്ളത്. അരേക്കാപ്പ് കോളനിയിലെ രാമകൃഷ്ണന്റെ ഹൃദ്രോഗ ചികിത്സ, ബൈപ്പാസ് സർജറി കോട്ടയം മെഡിക്കൽ കോളേജിൽ നിശ്ചയിച്ചുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തത നിമിത്തം സർജറി നടത്താതെ

ഡിസ്ചാർജ് ചെയ്തിരിക്കുകയാണ്. ഹൃദ്രോഗ ചികിത്സപോലും ഫണ്ടിന്റെ അപര്യാപ്തതമൂലം നിഷേധിച്ചിരിക്കുകയാണ്. ചാലക്കുടി മണ്ഡലത്തിന്റെ അതിരപ്പിള്ളി, കോടശ്ശേരി പഞ്ചായത്തുകളിലെ 17 പട്ടികവർഗ്ഗ കോളനി നിവാസികളുടെ ആവശ്യങ്ങൾ നടപ്പാക്കുന്നതിനും പരിഹരിക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി): സർ, ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കോളനികളിൽ ആദിവാസികളിൽനിന്നും വനാവകാശ നിയമപ്രകാരം ലഭിച്ച അപേക്ഷകളിൽ ഡി.എൽ.സി. അർഹരെന്നു കണ്ടെത്തിയ എല്ലാപേർക്കും വനാവകാശരേഖ വിതരണം ചെയ്തിട്ടുണ്ട്. മാരങ്കോട് കോളനി റവന്യൂ ഭൂമിയിൽ ആയതിനാലാണ് വനാവകാശരേഖ നൽകാൻ കഴിയാത്തത്. മലക്കപ്പാറയിലെ ആരോഗ്യകേന്ദ്രത്തിലെ ഡോക്ടർമാർക്ക് വേതനം പരിഷ്കരിച്ചു നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. വാച്ചുമരം കോളനിയിൽ വനഭൂമി ആദിവാസികൾക്ക് പതിച്ചു നൽകുന്ന പ്രൊപ്പോസൽ വനം വകുപ്പിന്റെ പരിഗണനയിലാണ്. സൗരോർജ്ജ വേലിക്കായി ലഭിച്ച അപേക്ഷകൾ

പരിഗണിക്കും. വനം വകുപ്പിന് 3,87,635 രൂപ കൈമാറുകയും ചെയ്തിട്ടുണ്ട്. ഷോളയാർ പട്ടികവർഗ്ഗ സഹകരണ സംഘത്തിന്റെ പ്രവർത്തനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് 4,86,000 രൂപ ധനസഹായമായി നൽകിയിരുന്നു. അതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് അധിക ധനസഹായം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. ചാലക്കുടി ഈസ്റ്റ് ഗേൾസ് ഹൈസ്കൂളിന്റെ സ്ഥലത്തു നിന്നും ഹോസ്റ്റൽ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം വിദ്യാഭ്യാസ വകുപ്പിൽനിന്നും വിട്ടുകിട്ടുന്ന മുറയ്ക്ക് പുതിയ ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതാണ്. സമഗ്ര ആരോഗ്യ സുരക്ഷാപദ്ധതി പ്രകാരമുള്ള ചികിത്സാ ഫണ്ട് ജില്ലാ മെഡിക്കൽ ഓഫീസറുടെ പേരിലാണ് അനുവദിക്കുന്നത്. അരേക്കാപ്പ് കോളനിയിലെ ശ്രീ. രാമകൃഷ്ണന്റെ ഹൃദ്രോഗ ചികിത്സയ്ക്കായി 5000 രൂപ മെഡിക്കൽ കോളേജിലെ ട്രൈബൽ ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ഇദ്ദേഹത്തിനെ തൃശ്ശൂർ മെഡിക്കൽ കോളേജിൽ കൊണ്ടുപോകുന്നതിന് വാഹന വാടകയായി 9000 രൂപയും അനുവദിച്ചിരുന്നു. ഇതുകൂടാതെ രാമകൃഷ്ണന്റെ ചികിത്സക്കായി വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. അതിരപ്പിള്ളിയിലെ 17 കോളനികളിലെ ആവശ്യം സംബന്ധിച്ച് ടി.ഡി.-യുടെ റിപ്പോർട്ടു വാങ്ങി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

<u>പ്രത്യേക അനുമതി</u>

<u>ശ്രീ. സി. മോയിൻകുട്ടി</u>: സർ, വളരെ ഗൗരവതരമായ വിഷയത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ പെർമിസീവ് സാങ്ഷനുവേണ്ടിയുള്ള ഒരു അപേക്ഷയാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. കാലവർഷക്കെടുതിമൂലം വമ്പിച്ച തോതിലുള്ള കൃഷി നാശമാണ് ഉണ്ടായിരിക്കുന്നത്, വിശേഷിച്ചും എന്റെ മണ്ഡലത്തെ സംബന്ധിച്ചിടത്തോളം 10,000-ക്കണക്കിന് വാഴകൃഷി നടത്തുന്ന സ്ഥലമാണ്. മുൻകൂർ പാട്ടം അടച്ചിട്ടാണ് വാഴകൃഷി നടത്തുന്നത്. വളരെ പരിമിതമായ തുകമാത്രമാണ് സർക്കാരിൽനിന്ന് നഷ്ടപരിഹാരമായി ലഭിക്കുന്നത്. വളരെയേറെ പരിതാപകരമാണ്, ആ സംഖ്യപോലും പറയാൻ കഴിയില്ല. എന്നാൽ അത് കൃത്യസമയത്ത് കൊടുക്കാനും സാധിക്കുന്നില്ല. ഇത്തരമൊരു സാഹചര്യത്തിൽ ബഹുമാനപ്പെട്ട സാമൂഹ്യനീതി വകുപ്പ് കൂടി കൈകാര്യം ചെയ്യുന്ന പഞ്ചായത്ത് വകുപ്പുമന്ത്രി, ഫണ്ടുള്ള പഞ്ചായത്തിൽ, മാനദണ്ഡത്തിന് വിധേയമായി വളരെ വ്യവസ്ഥാപിതമായി ആവശ്യമായ നഷ്ടപരിഹാരം, ഒരു നിശ്ചിത തുക നഷ്ടപരിഹാരമായി നൽകാനുള്ള പെർമിസീവ് സാങ്ഷൻ നൽകണം എന്നുള്ളതാണ് എനിക്ക് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, കേരള നിയമസഭ പാസ്സാക്കിയ 1994-ലെ പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ദുരിതാശ്വാസ കേന്ദ്രങ്ങൾ പാലിക്കുക എന്നതൊഴിച്ച്, പ്രകൃതിക്ഷോഭങ്ങൾ, ദുരന്ത നിവാരണം എന്നിവ പഞ്ചായത്തുകളുടെ ചുമതലയിൽപ്പെടുന്നില്ല. പ്രകൃതിക്ഷോഭ ങ്ങളും, ദുരന്തങ്ങളും നേരിടാൻ തക്ക സംവിധാനങ്ങൾ പഞ്ചായത്തുകൾക്കില്ലാത്ത തിനാലാണ് ആക്ടിൽ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽനിന്നും ദുരന്തനിവാരണം ഉൾപ്പെടുത്താത്തത് എന്ന് സ്പഷ്ടമാണ്. ദുരന്തങ്ങളുടേയും പ്രകൃതിക്ഷോഭങ്ങളുടെയും സാഹചര്യങ്ങളിൽ അത്യാവശ ഇടപെടൽ നടത്തുകയും, മാറ്റിപാർപ്പിക്കുകയും, ദുരിതാശ്വാസ കേന്ദ്രങ്ങൾ സജ്ജീകരിക്കുകയും, ഫയർ റെസ്ക്യൂ സർവ്വീസ് തുടങ്ങിയ വിവിധ വകുപ്പുകളെ ഏകീകരിച്ച് ഫലപ്രദമായ നടപടികൾ കൈക്കൊള്ളുകയും മറ്റ് ആനുകൂല്യങ്ങൾ അടക്കമുള്ള കാര്യങ്ങൾ തീരുമാനിക്കുകയും ചെയ്യുന്നത് റവന്യൂ വകുപ്പ്, ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പുകളാണ്. ഇത്രയും പ്രവർത്തനങ്ങൾ ഏകോപിച്ച് നടത്തുവാനുള്ള ഒരു സംവിധാനം ഇന്ന് പഞ്ചായത്തുകൾക്കില്ല. വീടുകൾ നിർമ്മിക്കുന്നതിനും മറ്റും വിവിധ പദ്ധതികളുടെ കീഴിൽ ഗ്രാമ പഞ്ചായത്തുകൾ ധനസഹായം നൽകിവരുന്നുണ്ട്. ദുരന്തനിവാരണം അനിവാര്യമായ ചുമതലയായി പഞ്ചായത്തീരാജ് ആക്ടിൽ

ഉൾക്കൊള്ളിക്കാത്തതുകൊണ്ട് പ്രകൃതിക്ഷോഭങ്ങൾ മൂലമുണ്ടാകുന്ന കൃഷി-പാർപ്പിട നാശത്തിന് അടിയന്തര ധനസഹായം അനുവദിക്കാൻ പഞ്ചായത്തുകൾക്ക് സാധിക്കുന്നില്ല. കാരണം ഒരു ആക്ടിന്റെ വെളിച്ചത്തിലാണ് പഞ്ചായത്തുകൾ പ്രവർത്തിക്കുന്നത്, ആക്ടിന് വിരുദ്ധമായ നടപടികൾ എടുക്കാൻ പഞ്ചായത്തുകൾക്ക് ഇപ്പോഴത്തെ സാഹചര്യത്തിൽ ബുദ്ധിമുട്ടുണ്ട്.

## ജീവനക്കാരെ നിയമിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ജോസ് തെറ്റയിൽ: സർ, എന്റെ നിയോജകമണ്ഡലത്തിന്റെ ആസ്ഥാന കേന്ദ്രമായ അങ്കമാലിയിലുള്ള സി.എച്ച്.സി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് താലൂക്ക് ആശുപത്രിയായി മാറ്റി, 5 വർഷം കഴിഞ്ഞു. സി.എച്ച്.സി.-ക്കു വേണ്ട പോസ്റ്റ് പോലും അവിടെ വേക്കന്റായി കിടക്കുകയാണ്. 5 അസിസ്റ്റന്റ് സർജൻ വേണ്ട സ്ഥാനത്ത്, സി.എച്ച്.സി.-യുടെ കാൽക്കുലേഷൻ വച്ച് നോക്കുമ്പോഴും, ഇപ്പോൾ 2 പേർ മാത്രമേ ഉള്ളൂ. അതിൽ ഒരാൾ ഇൻ-ചാർജ്ജ് ആണ്. ഈ സ്ഥിതിയെക്കുറിച്ച് പലപ്പോഴും ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 5 വർഷം മുൻപ് എടുത്ത നടപടിക്ക് ഇതുവരേയും തുടർനടപടി ഉണ്ടായിട്ടില്ല. 8 പഞ്ചായത്തുകളും ഒരു മുനിസിപ്പാലിറ്റിയും ഉൾക്കൊള്ളുന്ന ഏറ്റവും പ്രധാനപ്പെട്ട ആശുപത്രിയാണ്. 5 വർഷം കഴിഞ്ഞിട്ടും

ഒന്നും ചെയ്യുന്നില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ നടപടിയാണ് എന്ന് പറഞ്ഞു മാറ്റിവയ്ക്കാതെ അടിയന്തരമായി താലൂക്ക് ആശുപത്രിക്ക് വേണ്ട സ്റ്റാഫ് പാറ്റേൺ നിയോഗിച്ചുകൊണ്ട് നടപടി സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, 7/2011-ൽ താലൂക്ക് ആശുപത്രിയായി ഉയർത്തപ്പെട്ട അങ്കമാലി താലൂക്ക് ആശുപത്രിയുടെ നിലവിലുള്ള കിടക്കകളുടെ എണ്ണം 41 ആണ്. പ്രതിദിന ശരാശരി ഒ.പി. 355-ഉം, ഐ.പി. 15-ഉം ആണ്. ഈ ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റിന്റെ 2 തസ്തികകൾ ഉൾപ്പെടെ 8 ഡോക്ടർമാരുടേയും, എൻ.എച്ച്.എം മുഖേന 4 ഡോക്ടർമാരുടേയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഈ ആശുപത്രിയിൽ ഡോക്ടർമാരുടെ ഒഴിവുകൾ ഒന്നും നിലവിലില്ല. നിലവിലുള്ള സ്റ്റാഫ് പാറ്റേൺ അനുസരിച്ചും ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലില്ല. 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗവും ഈ ആശുപത്രിയിൽ ഉണ്ട്. താലൂക്ക് ആശുപത്രിക്ക് 100 കിടക്കകളാണ് വേണ്ടത്. അങ്കമാലി താലൂക്ക് ആശുപത്രിക്ക് ആവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ഇത് ഗവൺമെന്റിന് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ക്യാഷ്വാലിറ്റി ഇല്ലാത്ത താലൂക്ക് ആശുപത്രികളിൽ

ക്യാഷ്വാലിറ്റി ഡോക്ടർമാർ ഉൾപ്പെടെയുള്ളവരെ നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ ഗവൺമെന്റിന്റെ കയ്യിൽ ഉണ്ട്, അത് വരുമ്പോൾ തീർച്ചയായും അങ്കമാലി താലൂക്ക് ആശുപത്രിക്ക് വേണ്ടുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

<u>രോഗികൾ നേരിടുന്ന ബുദ്ധിമുട്ട്</u>

<u>ശ്രീ. എ. പ്രദീപ് കുമാർ</u>: സർ, കോഴിക്കോട് ബീച്ച് ജില്ലാ ജനറൽ ആശുപത്രിയുടേയും വളരെ ദയനീയമായ സ്ഥിതിയെക്കുറിച്ചാണ് എനിക്കിവിടെ സബ്മിഷനിലൂടെ പറയാനുള്ളത്. 540-ഓളം കിടക്കകളുള്ള ഹോസ്പിറ്റലാണിത്, അത്രയും ആളുകൾ ആശ്രയിക്കുന്ന ഒരു സ്ഥാപനമാണ്. ഇപ്പോൾ ഐ.പി.-യിൽ വരുന്ന രോഗികളുടെ ശരാശരി 250 ആണ്. കഴിഞ്ഞ കുറെ മാസങ്ങളായി അവിടെ ഡോക്ടർമാരുടെ കുറവും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത യുമാണ് ഐ.പി.-യിൽ രോഗികളുടെ എണ്ണം കുറയുന്നതിന് ഇടയാക്കിയിട്ടുള്ളത്. അനസ്തേഷ്യ വിഭാഗത്തിന് മാസങ്ങളായി ഡോക്ടർമാരില്ലാത്തതിനാൽ എല്ലാ ഡിപ്പാർട്ടുമെന്റുകളുടേയും സർജറി മാസങ്ങളായി മുടങ്ങിക്കിടക്കുകയാണ്. ഓർത്തോ, ഇ.എൻ.റ്റി., ഒഫ്ത്താൽമോളജി, ഗൈനക്കോളജി തുടങ്ങിയ എല്ലാ ഡിപ്പാർട്ടുമെന്റുകളിലും സർജറിയുടെ പ്രശ്നം വരുമ്പോൾ മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്യേണ്ട സാഹചര്യമാണുള്ളത്. ഡെർമറ്റോളജി ഡിപ്പാർട്ടുമെന്റ് കുറച്ച്

മാസങ്ങൾക്കുമുമ്പ് ഏതാണ്ട് പൂട്ടിയ മട്ടാണ്. പ്രസ്തുത വിഭാഗത്തിലെ ഒരു ഡോക്ടർ റിട്ടയർ ചെയ്തുപോകുകയും മറ്റൊരു ഡോക്ടർ ലീവെടുത്ത് പോയതിനാലും ഇപ്പോൾ അത് പ്രവർത്തനസജ്ജമല്ല. അദ്ദേഹം ഇപ്പോൾ ലീവ് കഴിഞ്ഞ് വന്നോയെന്ന് എനിക്കറിയില്ല. ഇതാണ് അവസ്ഥ. മറ്റൊരു പ്രധാന പ്രശ്നം ഗ്രേഡ്-II നഴ്സുമാരുടെ പത്തുമുപ്പതോളം വേക്കൻസികൾ അവിടെയുണ്ട്. ഇതിനൊക്കെ ഒരു പരിഹാരമുണ്ടായാൽ മാത്രമേ സാധാരണക്കാരും പാവപ്പെട്ടവരും ഏറ്റവും അധികം ആശ്രയിക്കുന്ന ആശുപത്രി യെന്ന നിലയിൽ അത് പൂർണ്ണമായ തോതിൽ പ്രവർത്തന സജ്ജമാകുന്ന സ്ഥിതിയുണ്ടാവുകയുള്ളൂ. അവിടത്തെ അടിസ്ഥാന സൗകര്യ വികസന കാര്യത്തിൽ ഒന്നുരണ്ട് പ്രധാന പ്രശ്നം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ നേരത്തെയുള്ളതാണ്. അവിടെ ഹോസ്പിറ്റലിനുവേണ്ടി മാത്രമായി ഒരു ഇലക്ട്രിസിറ്റി സബ്സ്റ്റേഷൻ വേണം. ഇടയ്ക്കിടയ്ക്ക് വൈദ്യുതി നിശ്ചലമാകുന്നതു കൊണ്ട് പ്രവർത്തനം താറുമാറാകുകയാണ്. അത് പരിഗണിക്കപ്പെടേണ്ടതാണ്. ഒരു സി.റ്റി. സ്കാൻ സ്ഥാപിക്കണമെന്നത് ഒരുപാട് നാളായുള്ള ആവശ്യമാണ്. അതും വളരെ അത്യാവശ്യമായിട്ടുള്ളതാണ്. നഴ്സുമാരുടേയും ഡോക്ടർമാരുടേയും ഷോർട്ടേജും അനസ്തേഷ്യ വിഭാഗമുൾപ്പടെയുള്ളവ പ്രവർത്തന സജ്ജമാക്കുന്ന തിലേയ്ക്കും അടിയന്തര നടപടിയുണ്ടാകണം. ഇതൊക്കെ ഇന്ന് തന്നെ ചെയ്യേണ്ട കാര്യമാണ്.

അതോടൊപ്പം തന്നെ ഒട്ടും വൈകാതെ ഞങ്ങളെ സഹായിക്കേണ്ടത് സി.റ്റി. സ്കാനിന്റേയും ഇലക്ട്രിസിറ്റി സബ്സ്റ്റേഷന്റേയും കാര്യമാണ്. ഇതൊക്കെ ലഭിച്ചാൽ ഒരു വിധം ഭേദപ്പെട്ട അവസ്ഥയിൽ മുന്നോട്ട് കൊണ്ട് പോകാൻ കഴിയും. അത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്, പരിഗണിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിൽ നിലവിലുള്ള കിടക്കകളുടെ എണ്ണം 550-ഉം പ്രതിദിന ശരാശരി ഒ.പി.-യിൽ എത്തുന്നവരുടെ എണ്ണം 2200-ഉം ഐ.പി.-യിൽ എത്തുന്നവരുടെ എണ്ണം 280-ഉം ആണ്. നിലവിൽ മെഡിസിൻ, ഗൈനക്കോളജി, സർജറി, പീഡിയാട്രിക്സ്, ഒഫ്ത്താൽമോളജി, ഓർത്തോ, ഇ.എൻ.റ്റി, അനസ്തേഷ്യ, ഡെർമറ്റോളജി, പി.എം.ആർ, റേഡിയോളജി, ഡെന്റൽ എന്നീ സ്പെഷ്യാലിറ്റികൾ ഇവിടെ പ്രവർത്തിച്ചുവരുന്നു. 47 ഡോക്ടർമാരുടെ തസ്തിക അനുവദിച്ചിട്ടുള്ള ഈ ആശുപത്രിയിൽ 6 ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലുണ്ട്. ഡോക്ടർമാരുടെ ഇത്രയും ഒഴിവുകൾ ഒഴിഞ്ഞ് കിടക്കുന്നതുകൊണ്ട് എൻ.എച്ച്.എം.-ൽ നിന്ന് മൂന്ന് ഡോക്ടർമാരെയും അഡ്ഹോക് വ്യവസ്ഥയിൽ ഒരു ഡോക്ടറുമുൾപ്പെടെ 4 പേരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. അനസ്തേഷ്യയുടേയും ഡെർമറ്റോളജിസ്റ്റിന്റെയും ഓരോ ഒഴിവുകൾ നിലവിലുണ്ട്, ഇത് നികത്തുന്നതിന്

നടപടി സ്വീകരിക്കുന്ന താണ്. ഒഫ്ത്താൽമിക് ഒ.പി.-യുടേയും കാഷ്വാലിറ്റിയുടേയും പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. ഡയാലിസിസ് യൂണിറ്റിന്റെ പുതിയ കെട്ടിടത്തിന് 85 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഡ്രെയിനേജ്, സെപ്റ്റിക് ടാങ്ക് ഇവയുടെ തകരാർ പരിഹരിക്കുന്നതിന് എച്ച്.എം.സി. മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്. സ്പെഷ്യാലിറ്റി വിഭാഗത്തിലേയും മറ്റ് വിഭാഗങ്ങളുടെയും ഡോക്ടർമാരുടെ നിലവിലുള്ള ഒഴിവുകൾ ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റിയുടെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് അടിയന്തരമായി നികത്തുന്നതാണ്.